പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അമ്പത്തിനാലാമത് റിപ്പോർട്ട്

(2024 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

അമ്പത്തിനാലാമത് റിപ്പോർട്ട്

(2024 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ
2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 3.2-ൽ
ഉൾപ്പെട്ട തിരുവനന്തപുരം വികസന അതോറിറ്റിയുമായി ബന്ധപ്പെട്ട
ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

1229/2024.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
മുഖവുര	..	vii
റിപ്പോർട്ട്	..	1
അനുബന്ധം I :		
പ്രധാനപ്പെട്ട നിഗമനങ്ങളും / ശിപാർശകളും	..	60
അനുബന്ധം II :		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	..	64

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2023-2026)

ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2023-2026) യുടെ അമ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 3.2-ൽ ഉൾപ്പെട്ട തിരുവനന്തപുരം വികസന അതോറിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളതാണ് ഈ റിപ്പോർട്ട്.

2024 ഒക്ടോബർ മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2024 ഒക്ടോബർ 7.

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 3.2-ൽ ഉൾപ്പെട്ട തിരുവനന്തപുരം വികസന അതോറിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്.

ഓഡിറ്റ് ഖണ്ഡിക

സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലെ വാടക കുടിശ്ശിക

(ട്രിഡ ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2.21 മുതൽ 2.27 വരെ

കേരള റൂറൽ ഡെവലപ്മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്)
(കുടിശ്ശിക 32,95,963 രൂപ)

പാളയം സാഫല്യം കോംപ്ലക്സിലെ ഒന്നാം നിലയിലെ 154.10 ച.മീ. വിസ്തീർണ്ണമുള്ള എഫ്-4-ാം നമ്പർ കടമുറിയിലാണ് കേരള റൂറൽ ഡെവലപ്മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നത്. സംയോജിത ഗ്രാമ വികസന പദ്ധതി/ എസ്.ജി.എസ്.വൈ./കുടുംബശ്രീ യൂണിറ്റുകൾ, ഗ്രാമീണ കൈത്തൊഴിലുകാർ, പരമ്പരാഗത കരകൗശല പണിക്കാർ, മഹിളാ സമാജങ്ങൾ, ഗ്രാമീണ സന്നദ്ധ സംഘടനകൾ തുടങ്ങി സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിന് സഹായിക്കുന്ന സ്ഥാപനമാണ് കേരള റൂറൽ ഡെവലപ്മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്).

24,87,200 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് നിശ്ചയിച്ചിരുന്ന പ്രസ്തുത കടമുറി 16-8-2007-ലെ 37104/ഐ.ബി.2/2007 സർക്കാർ കത്തിലെ നിർദ്ദേശാനുസരണം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാതെ 13-10-2008 മുതൽ കേരള റൂറൽ ഡെവലപ്മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റിക്ക് പ്രതിമാസ വാടക 23,215 രൂപ നിശ്ചയിച്ച് അനുവദിച്ച് നൽകിയിരുന്നു. ആദ്യ മൂന്ന് വർഷത്തേയ്ക്ക് സർക്കാർ 50% വാടകയിളവ് അനുവദിച്ചതിനാൽ 50% വാടകയായ 11,608 രൂപയാണ് 12-10-2011 വരെ ട്രിഡ പ്രതിമാസം ഈടാക്കിയത്. വാടകയിളവ് കാലാവധി കഴിഞ്ഞും കേരംസ് 11,608 രൂപ മാത്രമാണ് പ്രതിമാസം നൽകുന്നത്. ഇളവ് അനുവദിച്ച കാലാവധി കഴിഞ്ഞും കേരംസ് വാടക പൂർണ്ണമായി നൽകുകയോ മൂന്ന് വർഷം കൂടുമ്പോൾ കരാർ പ്രകാരമുള്ള 15% വർദ്ധനവ് നൽകുകയോ കരാർ പുതുക്കുകയോ ചെയ്യുവാൻ തയ്യാറാകുന്നില്ല. വാടക വർദ്ധനവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാടക വർദ്ധനവ് വരുത്തിയ തീയതി	തുക	കേരംസ് ഒടുക്കുന്ന തുക
13-10-2011	26,697	11,608
13-10-2014	30,702	11,608
13-10-2017	35,307	11,608

13-10-2017 മുതലുള്ള വാടക 35,307 രൂപയാണെങ്കിലും കേരംസ് 11,608 രൂപയും അതിന്റെ ജി. എസ്. ടി.യായ 2,089 രൂപയുമാണ് അടവാക്കുന്നത്. 07/2017 മുതൽ വാടകയുടെ ഡിമാന്റ് അനുസരിച്ചുള്ള ജി.എസ്.റ്റി.യാണ് ട്രിഡ സർക്കാരിൽ അടവാക്കുന്നത്, എന്നതിനാൽ ഈയിനത്തിൽ മാത്രം പ്രതിമാസം 4,266 രൂപയുടെ നഷ്ടമുണ്ടാകുന്നു.

വാടക, പലിശ, സർവ്വീസ് ടാക്സ്, ജി.എസ്.ടി. എന്നിവയിലുള്ള കേരംസിന്റെ 31-3-2019 വരെ 32,95,963 രൂപ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

10/2011 മുതൽ 03/2019 വരെയുള്ള വാടകയുടെ ബാക്കി	16,47,996
31-3-2019 വരെയുള്ള പലിശ	12,65,442
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	1,53,341
സർവ്വീസ് ടാക്സിന്റെ 03/2019 വരെയുള്ള പലിശ	1,42,409
ജി.എസ്.ടി. 31-3-2019 വരെ	86,775
31-3-2019 വരെയുള്ള ആകെ കുടിശ്ശിക	32,95,963

ട്രിഡയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, പ്രധാന കോംപ്ലക്സുകളിലൊന്നായ പാളയത്തുള്ള സാഫല്യം കോംപ്ലക്സിലെ ഒന്നാം നിലയിലുള്ള 154.10 ച.മീ. (1658.11 ച. അടി) വിസ്തീർണ്ണമുള്ള എഫ് 4-ാം നമ്പർ കട സെക്യൂരിറ്റി ഡെപ്പോസിറ്റില്ലാതെ നിലവിൽ നൽകി വരുന്ന വാടകയായ 11,608 രൂപയ്ക്ക് കേരംസിന് നൽകുന്നത് ട്രിഡയ്ക്ക് ബാധ്യതയാകുമെന്ന് 22-1-2019-ലെ ആർ.3/4413/97/എഫ്.4/ട്രിഡ/ പാർട്ട് II നം. കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.1.(1)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശം സംബന്ധിച്ച് കേരംസിന്റെ പേരിൽ ആർ. ആർ. നടപടി സ്വീകരിച്ചുകഴിഞ്ഞതായും 2021-ൽ കേരംസിനെ അവിടെ നിന്നും ഒഴിപ്പിച്ചിട്ടുണ്ടെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

2. കുടിശ്ശിക ഈടാക്കിയോയെന്ന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ചോദ്യത്തിന് കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടിയാണ് ആർ. ആർ. നടപടി സ്വീകരിച്ചതെന്ന് ട്രിഡ സെക്രട്ടറി ബോധിപ്പിച്ചു.

3. ആർ. ആർ. നടപടിയിലൂടെ എത്ര തുക ലഭിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ട്രിഡയ്ക്ക് ലഭിച്ചിട്ടില്ലെന്നും 2022-ൽ ഓൺലൈനായി ഫയൽ ചെയ്തതാണെന്നും 22,61,422 രൂപയാണ് ലഭിക്കാനുള്ളതെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

4. ഓഡിറ്റ് പരാമർശത്തിൽ 32,95,963 രൂപയെന്നാണ് സൂചിപ്പിച്ചിരിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കെട്ടിടത്തിൽ നിന്നും ഒഴിഞ്ഞുപോയപ്പോൾ ഡെപ്പോസിറ്റിൽ നിന്നും കുറച്ച് തുക വരവുവച്ചശേഷമുള്ള തുകയ്ക്കാണ് ആർ. ആർ. നടപടി തുടങ്ങിയതെന്ന് ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

5. ഭീമമായ തുക കുടിശ്ശികയാകുന്നതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് സർക്കാർ ഉത്തരവോടുകൂടി 2001-ലാണ് കേരംസിന് സാഫല്യം കോംപ്ലക്സിലെ എഫ് 4-ാം നമ്പർ കട വാടകയ്ക്ക് നൽകിയതെന്നും സർക്കാർ റൂൾ പ്രകാരം മൂന്ന് വർഷം കൂടുമ്പോൾ പലിശയിൽ 15% വർദ്ധനവുണ്ടാകുമെന്നും സർക്കാർ സ്ഥാപനങ്ങളൊന്നും തന്നെ പലിശയിൽ വ്യത്യാസം വരുന്നതിനനുസരിച്ച് കരാർ പുതുക്കുകയോ പലിശയിൽ

വരുന്ന വർദ്ധനവനുസരിച്ച് തുക അടയ്ക്കുകയോ ചെയ്യാറില്ലെന്നും ടിഡ സെക്രട്ടറി ബോധിപ്പിച്ചു. സ്വാഭാവികമായി റൂൾ പ്രകാരം ഓരോ മൂന്ന് വർഷം കഴിയുമ്പോഴും വാടക വർദ്ധിപ്പിക്കുകയും അതനുസരിച്ചുള്ള വാടക ഈടാക്കുകയും ചെയ്യുമെന്നും എന്നാൽ കുറഞ്ഞ തുക വച്ച് അഡ്ജസ്റ്റ് ചെയ്ത് വരുമ്പോൾ അതിനനുസരിച്ച് കുടിശ്ശിക വർദ്ധിക്കുമെന്നും കാലാകാലങ്ങളിലുണ്ടാകുന്ന വർദ്ധനവ് അടയ്ക്കാതെ തിരിച്ചടയ്ക്കാനുള്ള നിശ്ചിത തുക മാത്രം അടച്ചുകൊണ്ടിരിക്കുമെന്നും പിന്നീടത് ഭീമമായ തുകയായി മാറുമെന്നും ടിഡ സെക്രട്ടറി കൂട്ടിച്ചേർത്തു.

6. ഓരോ മൂന്ന് വർഷം കൂടുമ്പോഴും പലിശയിൽ 15 ശതമാനം വർദ്ധനവുണ്ടാകുമെന്ന വ്യവസ്ഥ എഗ്രിമെന്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും എന്നാൽ 2001-ൽ കരാറിലേർപ്പെടുമ്പോൾ 10,000 രൂപയാണ് വാടകയെങ്കിൽ 2023-ലും അതേ തുക തന്നെ തന്നുകൊണ്ടിരിക്കുമെന്നും കാലാകാലങ്ങളിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ചുള്ള തുക, അതിന്റെ പലിശ, കൂട്ടുപലിശ, മുൻകൂറായി അടയ്ക്കുന്ന സർവ്വീസ് ടാക്സ്, പിഴപ്പലിശ തുടങ്ങിയവയെല്ലാം ചേർന്ന് നല്ലൊരു തുക കുടിശ്ശികയാകുമെന്നും ടിഡ സെക്രട്ടറി അറിയിച്ചു.

7. പലിശയിൽ വരുത്തുന്ന വർദ്ധനവ് അറിഞ്ഞുകൊണ്ടുതന്നെയല്ലേ കരാറിലേർപ്പെടുന്നതെന്ന സമിതിയുടെ ചോദ്യത്തിന് ഓരോ മൂന്ന് വർഷം കഴിയുമ്പോഴും തുക റിവൈസ് ചെയ്ത് കരാർ വയ്ക്കാറുണ്ടെന്നും തുകയിൽ വർദ്ധനവ് വരുത്തുന്ന വിവരം അറിയിക്കുകയും ചെയ്യാറുണ്ടെന്നും ടിഡ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത തുക റിവൈസ് ചെയ്ത വിവരം അറിയിക്കുമ്പോൾ പ്രതികരണമില്ലെങ്കിൽ നടപടി സ്വീകരിക്കേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന് കേരംസ് ഒരു സർക്കാർ സ്ഥാപനമായതിനാൽ അവർ തന്നെ സർക്കാരിനെ സമീപിച്ച് പ്രസ്തുത കാലയളവിൽ ഇളവ് നൽകണമെന്ന ഉത്തരവുമായി സമീപിക്കുമെന്നും സർക്കാർ കെട്ടിടമായതിനാൽ മറ്റ് പ്രൈവറ്റ് പാർട്ടികളോട് കാണിക്കുന്ന നിലപാടല്ല സ്വീകരിക്കുന്നതെന്നും ടിഡ സെക്രട്ടറി വിശദീകരിച്ചു.

8. സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് സർക്കാർ സ്ഥാപനങ്ങൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആദ്യംതന്നെ ഒഴിവാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആർ. ആർ. നോട്ടീസ് എത്ര രൂപയ്ക്കാണ് നൽകിയിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് 26,60,881 രൂപയ്ക്കാണ് ആർ. ആർ. നടപടി സ്വീകരിച്ചതെന്ന് ടിഡ സെക്രട്ടറി മറുപടി നൽകി.

9. ഓഡിറ്റും ടിഡയും അറിയിച്ച തുകകൾ തമ്മിൽ വ്യത്യാസമുണ്ടെന്നും സർക്കാരിൽ നിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇളവ് നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് സമിതി മുമ്പാകെ ഹാജരാക്കുന്നില്ലെന്നും വെറുതെ വാക്കാൽ പറയുന്നതേയുള്ളൂവെന്നും സമിതി ചൂണ്ടിക്കാട്ടി. ആർ. ആർ. തുക 26,60,881 രൂപയെന്നാണ് ടിഡ

അറിയിച്ചിരുന്നതെന്നും ആർ. ആർ. നടപടിക്കായി അയച്ച ഫോം നമ്പർ 24-ൽ കാണിച്ചിരിക്കുന്നത് 55,96,793 രൂപയാണെന്നും സമിതി വ്യക്തമാക്കി. ആർ. ആർ. നടപടി സ്വീകരിച്ചതിലെ പ്രിൻസിപ്പൽ തുക 26,60,881 രൂപയും കുടിശ്ശിക 55,96,793 രൂപയുമാണെന്ന് ടിഡ സെക്രട്ടറി വ്യക്തമാക്കി. 26,60,881 രൂപയ്ക്കാണ് ആർ. ആർ. നടപടി സ്വീകരിച്ചതെന്നാണ് അറിയിച്ചതെന്നും സമിതി മുമ്പാകെ വ്യക്തമായ മറുപടി നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

10. പ്രസ്തുത സ്ഥാപനം നിലവിലുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ സ്ഥാപനം പ്രവർത്തനരഹിതമാണെന്നും സമിതി മുമ്പാകെ സൂചിപ്പിച്ച വാടക കുടിശ്ശിക മുൻ 15 വർഷമായി അക്യുമുലേറ്റ് ചെയ്തുവന്ന തുകയാണെന്നും കേരംസിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോഡി പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഒരു ഗവേണിംഗ് ബോഡിയാണെന്നും കേരംസ് പ്രതിനിധി സമിതിയെ അറിയിച്ചു. കാലാകാലങ്ങളിൽ കൂടുന്ന ഗവേണിംഗ് ബോഡിയിൽ ഈ വിഷയം ചർച്ച ചെയ്യുകയും ധനസഹായത്തിനായി സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ അയയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും നാളിതുവരെ സഹായം ലഭിക്കാത്ത സാഹചര്യത്തിലാണ് ടിഡ കേരംസിനെ സാഫല്യം എഫ് 4-ാം നമ്പർ കടയിൽ നിന്ന് ഒഴിപ്പിച്ചതെന്നും പ്രോജക്ട് ഡയറക്ടറുടെ ഓഫീസിലെ 100 സ്ക്വയർഫീറ്റുള്ള ചെറിയൊരു മുറിയിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ടെന്നും കേരംസ് പ്രതിനിധി സമിതിയെ അറിയിച്ചു. കോവിഡുവരെ പഴയ നിരക്കിലുള്ള വാടക കൊടുത്തുകൊണ്ടിരുന്നുവെന്നും സാധാരണക്കാർ കൊണ്ടുവരുന്ന സാധനങ്ങൾ വിറ്റുകിട്ടുന്ന തുകയുടെ 20 ശതമാനം കമ്മീഷനാണ് സ്ഥാപനത്തിന്റെ വരുമാനമെന്നും ഇതുപയോഗിച്ചാണ് സ്ഥാപനത്തിന്റെ റെക്കറിംഗ് ചെലവ് വഹിക്കുന്നതെന്നും കേരംസ് പ്രതിനിധി കൂട്ടിച്ചേർത്തു. കഴിഞ്ഞ 12 വർഷമായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് -ഇൻ -എയിഡും ലഭിക്കുന്നില്ലെന്നും ടി സാഹചര്യത്തിൽ കമ്മീഷനായി ലഭിക്കുന്ന 20 ശതമാനം തുക റെക്കറിംഗ് എക്സ്പെൻസിനുപോലും തികയാതെ വന്നപ്പോൾ വാടക കുടിശ്ശിക ഭീമമായ തുകയായി ഉയരുകയും കേരംസിനെ ടിഡയിൽ നിന്ന് ഒഴിവാക്കുന്ന സാഹചര്യത്തിൽ എത്തിച്ചേരുകയും ചെയ്തുവെന്നും അവിടെയുണ്ടായിരുന്ന നാല് ദിവസ വേതന ജീവനക്കാർ പിരിഞ്ഞുപോകുകയും റഗുലർ സ്റ്റാഫായ ഒരു പി.ടി.എസ്. മാത്രമാവുകയും കൂടാതെ ഒരു ചാർജ്ജ് ഓഫീസറുണ്ടായിരുന്നത് റിട്ടയർ ചെയ്യുകയും ചെയ്തുവെന്നും കേരംസ് പ്രതിനിധി സമിതിയെ ബോധിപ്പിച്ചു.

11. കേരംസിന്റെ പ്രവർത്തനത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് സംയോജിത ഗ്രാമ വികസന പദ്ധതി/എസ്.ജി.എസ്.വൈ./കുടുംബശ്രീ യൂണിറ്റുകൾ, ഗ്രാമീണ കൈത്തൊഴിലുകാർ, പരമ്പരാഗത കരകൗശല പണിക്കാർ, മഹിളാ സമാജങ്ങൾ, ഗ്രാമീണ സന്നദ്ധ സംഘടനകൾ തുടങ്ങി സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വാഹനങ്ങൾ ഉപയോഗിച്ച് സർക്കാർ ഓഫീസുകൾ

കേന്ദ്രീകരിച്ച് ഗ്രാമശ്രീ എന്ന ലേബലിൽ വിപണനം നടത്തുന്നതിന് സഹായിക്കുന്ന സ്ഥാപനമാണ് 1986-ൽ രൂപം കൊണ്ട കേരംസ് (കേരള റൂറൽ ഡെവലപ്മെന്റ് & മാർക്കറ്റിംഗ് സൊസൈറ്റി) എന്നും ആദ്യ 10 വർഷം വിജയകരമായി പ്രവർത്തിക്കുകയും ക്രമേണ ഇതിന്റെ പ്രവർത്തനം മന്ദീഭവിക്കുകയുമാണുണ്ടായതെന്നും കേരംസ് പ്രതിനിധി വിശദീകരിച്ചു. നിലവിൽ എത്ര രൂപയുടെ റവന്യൂ റിക്കവറി നോട്ടീസാണ് ലഭിച്ചതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് 55 ലക്ഷം രൂപയുടെ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനം നിലവിൽ ക്ലോസ്ഡ് സ്റ്റാറ്റസിലാണെന്നും കേരംസ് പ്രതിനിധി അറിയിച്ചു.

12. ആദ്യ മൂന്ന് വർഷത്തേയ്ക്ക് സർക്കാർ 50 ശതമാനം വാടക ഇളവ് അനുവദിച്ചതിനാൽ 50% വാടകയായ 11,608 രൂപ അടച്ചുവരുന്നുവെന്നാണ് റിപ്പോർട്ടിൽ പരാമർശിക്കുന്നതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചൂണ്ടിക്കാട്ടിയപ്പോൾ കോവിഡ് കാലഘട്ടം വരെയാണ് തുക അടച്ചതെന്ന് കേരംസ് പ്രതിനിധി വ്യക്തമാക്കി. പ്രസ്തുത വിഷയത്തിൽ ടിഡിയും കേരംസും തമ്മിൽ സർക്കാരുമായി ഇടപെടൽ നടത്തി പരസ്പരധാരണയായാൽ പ്രശ്നം അവസാനിപ്പിക്കാൻ കഴിയുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

13. റവന്യൂ റിക്കവറി നോട്ടീസ് ലഭ്യമായതിനുശേഷം സർക്കാരിലേയ്ക്ക് പ്രൊസീഡ് ചെയ്തിട്ടുണ്ടോയെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് നോട്ടീസ് ലഭിച്ച സമയത്ത് സ്ഥാപനം ക്ലോസ്ഡ് സ്റ്റാറ്റസിലാണെന്ന് കേരംസ് പ്രതിനിധി മറുപടി നൽകി. സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നില്ലെങ്കിലും കുടിശ്ശിക സംബന്ധിച്ച് തീരുമാനമുണ്ടാക്കേണ്ടതുണ്ടെന്നും സമിതി നിരീക്ഷിച്ചു. കഴിഞ്ഞ 15 വർഷമായി ഗവേണിംഗ് ബോഡികൾ വിഷയം ചർച്ച ചെയ്യുകയും സർക്കാരിലേയ്ക്ക് നിവേദനം നൽകിവരികയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളതെന്ന് കേരംസ് പ്രതിനിധി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

14. തദ്ദേശ സ്വയംഭരണ വകുപ്പ് ഇടപെടൽ നടത്തി പരിഹാരമുണ്ടാക്കണമെന്നും കേരംസിനെകൊണ്ട് തുക അടപ്പിക്കുകയോ അല്ലെങ്കിൽ വിട്ടുകൊടുക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു. നിലവിലെ സ്റ്റാറ്റസ് അടച്ചുപൂട്ടിയതിന് തുല്യമാണെങ്കിലും വാടക ഈടാക്കിയെടുക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. മറ്റേതെങ്കിലും ജില്ലകളിൽ കേരംസ് പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രവർത്തിച്ചിരുന്ന സ്ഥലങ്ങളിലെല്ലാം അടച്ചുപൂട്ടിയതായി കേരംസ് പ്രതിനിധി സമിതിയെ അറിയിച്ചു.

15. ഗ്രാമവികസന വകുപ്പിന്റെ കീഴിൽ നന്നായി പ്രവർത്തിച്ചിരുന്ന മാർക്കറ്റിംഗ് സൊസൈറ്റിക്ക് ഇങ്ങനെയൊരു പരാജയം എന്തുകൊണ്ട് സംഭവിച്ചുവെന്ന് സമിതി ആരാഞ്ഞതിന് പ്രാരംഭഘട്ടത്തിൽ എല്ലാ വർഷവും സർക്കാരിൽ നിന്നും ഗ്രാന്റ്- ഇൻ- എയ്ഡ് ലഭിച്ചുകൊണ്ടിരുന്നുവെന്നും കഴിഞ്ഞ പത്തുവർഷമായി ഗ്രാന്റ്-ഇൻ-എയ്ഡ് ലഭിക്കുന്നില്ലെന്നും കേരംസ് പ്രതിനിധി വിശദീകരിച്ചു.

16. കുടുംബശ്രീയുടെ മേൽനോട്ടത്തിൽ ഹോം ഷോപ്പ് എന്നൊരു പദ്ധതി പ്രവർത്തിക്കുന്നുണ്ടെന്നും കുടുംബശ്രീ വഴി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വീടുകളിൽ വിൽപ്പന നടത്തുന്ന സംഘം പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ വർഷം കഴിയുന്തോറും അവരുടെ ലാഭം കൂടിവരികയാണെന്നും പ്രൊഫഷണൽ മാനേജ്മെന്റ് ഇല്ലാതെ തന്നെ കാര്യങ്ങൾ നടത്തുവാൻ കഴിയുമെന്നും സമിതി വിലയിരുത്തി.

17. പ്രൊഫഷണൽ മാനേജ്മെന്റ് ഇല്ലാത്ത ഹോം ഷോപ്പ് പോലുള്ള സ്ഥാപനങ്ങൾ നല്ലതുപോലെ പ്രവർത്തിക്കുമ്പോൾ പ്രൊഫഷണൽ മാനേജ്മെന്റുള്ള സംവിധാനത്തിന് പ്രവർത്തിക്കുവാൻ കഴിയാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. കേരംസിന്റെ മാനേജ്മെന്റ് സംവിധാനത്തെപ്പറ്റി സമിതി ആരാഞ്ഞതിന് ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറാണ് ചാർജ്ജ് ഓഫീസറെന്നും നിലവിൽ ടി ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തുവെന്നും ഗ്രാമവികസന വകുപ്പിൽ രണ്ട് വർഷം മുമ്പ് ഡെപ്യൂട്ടേഷനിൽ എക്സ്റ്റെൻഷൻ ഓഫീസറായി താൻ വർക്ക് ചെയ്തിരുന്നുവെന്നും നിലവിൽ അവിടെ ആളില്ലാത്തതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശമനുസരിച്ചാണ് സമിതിയുടെ യോഗത്തിൽ പങ്കെടുക്കുന്നതെന്നും റഗുലർ സ്റ്റാഫായി പി.ടി.എസ്. മാത്രമേയുള്ളൂവെന്നും കേരംസിനെ പ്രതിനിധീകരിച്ചെത്തിയ ഉദ്യോഗസ്ഥൻ അറിയിച്ചു. നല്ല ആശയത്തെ കെടുകാര്യസ്ഥത മൂലം നഷ്ടപ്പെടുത്തി അടച്ചുപൂട്ടലിന്റെ അവസ്ഥയിലേക്കെത്തിച്ചതിൽ സമിതി ആശങ്ക രേഖപ്പെടുത്തി. കാര്യക്ഷമതയുള്ള നടപടി സ്വീകരിക്കുമ്പോഴും സർക്കാരാണ് ഗവൺമെന്റ് ഓർഡർ പ്രകാരം ഇവർക്ക് ഇളവ് നൽകണമെന്ന് ആവശ്യപ്പെടുന്നതെന്ന് ട്രിഡ സെക്രട്ടറി ബോധിപ്പിച്ചു.

18. സർക്കാർ ഉത്തരവുപ്രകാരം 2007-ലാണ് വാടകയ്ക്ക് കൊടുക്കുന്നതെന്നും കുടിശ്ശിക വരുത്തുന്നത് ഉൾപ്പെടെയുള്ള എല്ലാ വിവരവും സർക്കാരിനെ അറിയിക്കുമ്പോൾ ഓരോ സമയവും ഇളവുകൊടുക്കണമെന്ന് പറഞ്ഞ് സർക്കാർ തന്നെ ഇടപെട്ടാണ് കാലാവധി നീട്ടി നൽകുന്നതെന്നും ട്രിഡ സെക്രട്ടറി കൂട്ടിച്ചേർത്തു.

19. പലിശ ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിന്നും ലഭിച്ച കത്ത് ഓഡിറ്റിന് കൈമാറിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഇല്ല എന്ന് ട്രിഡ സെക്രട്ടറി മറുപടി നൽകി. കത്ത് ഓഡിറ്റിന് ലഭ്യമാക്കിയാലല്ലേ പലിശ ഒഴിവാക്കണമോ എന്ന് ഓഡിറ്റ് വകുപ്പിന് അറിയുവാൻ സാധിക്കുകയുള്ളൂ എന്ന് സമിതി അഭിപ്രായപ്പെട്ടു.

20. 12 ക്ലർക്കുമാരുള്ള സ്ഥാനത്ത് ആകെ രണ്ട് ക്ലർക്കുമാർ മാത്രമേ നിലവിലുള്ളൂവെന്നും ജീവനക്കാരുടെ അഭാവമുണ്ടെന്നും ഡെപ്യൂട്ടേഷനിൽ പോലും ആരെയും അനുവദിക്കാത്ത സാഹചര്യമാണുള്ളതെന്നും ഓഫീസ് കാര്യം പോലും ബുദ്ധിമുട്ടിയാണ് കൈകാര്യം ചെയ്തുപോകുന്നതെന്നും ആയതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഒരു സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഇറക്കിയിട്ടുണ്ടെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

21. ട്രിഡയ്ക്ക് ഒരു സെക്രട്ടറിയും എക്സിക്യൂട്ടീവ് ബോർഡും കൂടാതെ ഒരു നടത്തിപ്പ് സംവിധാനവുമുണ്ടല്ലോ എന്നും സ്റ്റാഫിന്റെ അഭാവമുണ്ടെങ്കിൽ സ്റ്റാഫിനെ എടുക്കേണ്ട ചുമതല ട്രിഡയ്ക്കുള്ളതാണെന്നും അഭിപ്രായപ്പെട്ടുകൊണ്ട് ട്രിഡയുടെ നിലവിലെ ചെയർമാൻ ആരാണെന്നും ട്രിഡയ്ക്ക് എത്ര ബിൽഡിംഗുകൾ ഉണ്ടെന്നും നിയമസഭാ സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് ചാലയിൽ സൗഭാഗ്യ കോംപ്ലക്സ് ഉണ്ട് എന്ന് ട്രിഡ സെക്രട്ടറി മറുപടി നൽകി. പാളയത്ത് പുതിയ കൺസ്ട്രക്ഷനും സാഫല്യം കോംപ്ലക്സും കേശവദാസപുരത്തെ കേദാരം കോംപ്ലക്സും ട്രിഡയുടേതല്ലേ എന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ചോദിച്ചതിന് അതെ എന്ന് ട്രിഡ സെക്രട്ടറി വ്യക്തമാക്കി. ട്രിഡയ്ക്ക് പ്രവർത്തിക്കാനാവശ്യമായ സൗകര്യമോ സ്റ്റാഫിന്റെ പിന്തുണയോ ഇല്ലെന്ന് പറയുകയാണെങ്കിൽ എന്തിനാണ് ഇങ്ങനെ ഒരു സംവിധാനം എന്നും അതോറിറ്റിയുടെ ഓട്ടോണമിയിലൂടെ വന്ന് സ്വയം രക്ഷപ്പെടാൻ വേണ്ടിയാണ് അതോറിറ്റി രൂപീകരിക്കുന്നതെന്നും അല്ലെങ്കിൽ സർക്കാരിന്റെ ഭാഗമായി നിന്നാൽ പോരേയെന്നും സമിതി ആരാഞ്ഞു. സ്വയം ആർജ്ജിക്കാനുള്ള സംവിധാനമില്ലെന്നുള്ളതാണ് പ്രധാന കാര്യമെന്നും സർക്കാർ സഹായത്തോടെ പ്രവർത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നതാണ് പ്രശ്നമെന്നും സർക്കാർ നിയന്ത്രിക്കുന്നുണ്ടെങ്കിലും സ്വയം പുതിയ സാഹചര്യങ്ങൾ വിലയിരുത്തി പ്രവർത്തിക്കേണ്ടതായിരുന്നുവെന്നും സർക്കാർ സംവിധാനങ്ങളുടെ പൊതുസ്വഭാവമാണിതെന്നും സമിതി അഭിപ്രായപ്പെട്ടു.

നിഗമനങ്ങളും ശിപാർശകളും

22. സാഫല്യം കോംപ്ലക്സിലെ F-4 കടമുറിയിൽ പ്രവർത്തിച്ചിരുന്ന കേരംസ് എന്ന സ്ഥാപനത്തിന്റെ വാടക കുടിശിക ഈടാക്കുന്നത് സംബന്ധിച്ച പ്രശ്നത്തിൽ ട്രിഡയും കേരംസും തമ്മിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ഇടപെടൽ നടത്തി പരിഹാരമുണ്ടാക്കണമെന്നും കേരംസിനെക്കൊണ്ട് തുക അടപ്പിക്കുകയോ അല്ലെങ്കിൽ വിട്ടുകൊടുക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. കേരംസിന്റെ നിലവിലെ സ്റ്റാറ്റസ് അടച്ചുപൂട്ടിയതിന് തുല്യമാണെങ്കിലും വാടക ഈടാക്കിയെടുക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ ട്രിഡ നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുവാനും പരിഹാര നടപടികൾ കൈക്കൊള്ളുവാനും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കുടിശ്ശിക 10,55,677 രൂപ)

പാളയം സാഫല്യം കോംപ്ലക്സിലെ ജി-18-ാം നമ്പർ കടമുറി കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി ലിമിറ്റഡിന് (സുരഭി) 5-11-1998 മുതൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. 2001- ന് ശേഷം നാളിതു വരെ കരാർ പുതുക്കിയിട്ടില്ല. 11/2016 മുതൽ

വാടക കുടിശ്ശിക ആയതിനാലും, കരാർ പുതുക്കാത്തതിനാലും കേരള പബ്ലിക് ബിൽഡിംഗ്സ് (എവിക്ഷൻ ഓഫ് അൺ ആതറൈസ്ഡ് ഓക്യുപ്പെൻ്റ്സ്) ആക്റ്റ് 1968 വകുപ്പ് 4(1) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, തുടർന്ന് കേരള പബ്ലിക് ബിൽഡിംഗ്സ് (എവിക്ഷൻ ഓഫ് അൺ ആതറൈസ്ഡ് ഓക്യുപ്പെൻ്റ്സ്) ആക്റ്റ് 1968 വകുപ്പ് 5(1) പ്രകാരം 22-6-2018-ന് ഒഴിപ്പിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

പ്രളയക്കെടുതി കാരണം വിൽപ്പനയിൽ ഗണ്യമായ കുറവുണ്ടായതിനാലും, സംഘത്തിന് അനുവദിച്ച സർക്കാർ ഫണ്ട് സാമ്പത്തിക ക്രമീകരണത്തിന്റെ ഭാഗമായി സർക്കാർ പിൻവലിച്ചതിനാലും സ്ഥാപനം താൽക്കാലികമായി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി പ്രസിഡന്റ് 24-10-2018-ലെ റ്റി 68/ബി.1/2018 നമ്പർ കത്ത് പ്രകാരം അറിയിക്കുകയും, കുടിശ്ശിക അടച്ചുതീർക്കുന്നതിന് 6 മാസത്തെ സാവകാശം ആവശ്യപ്പെടുകയും ചെയ്തു. തദ്ദേശ വകുപ്പ മന്ത്രിയുടെ നിർദ്ദേശപ്രകാരം 2 ലക്ഷം രൂപ ഒറ്റത്തവണയായി അടയ്ക്കുന്നതിനും, തുടർന്ന് കുടിശ്ശിക അടയ്ക്കുന്നതിന് 6 മാസത്തെ സാവകാശം അനുവദിക്കുന്നതിനും ട്രിഡ തീരുമാനിച്ചു. തുടർന്ന് 31-10-2018- ന് ചെക്ക് നം. 13123, ചെക്ക് നം. 000666 എന്നിവ പ്രകാരം 2 ലക്ഷം രൂപ കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി അടവാക്കി. എന്നാൽ തുടർന്ന് കുടിശ്ശിക അടവാക്കുന്നതിൽ സൊസൈറ്റി വീഴ്ചവരുത്തുകയും, തുകയൊന്നും അടവാക്കുകയും ചെയ്തില്ല. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

04/2017-ലെ വാടകയുടെ ബാക്കി	24,499
05/2017 മുതൽ 03/2019 വരെയുള്ള വാടക	6,62,354
31-3-2019 വരെയുള്ള പലിശ	2,41,374
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	12,315
സർവ്വീസ് ടാക്സിന്റെ 31-3-2019 വരെയുള്ള പലിശ	6,271
07/2017 മുതൽ 03/2019 വരെയുള്ള ജി.എസ്.റ്റി.	1,08,864
ആകെ കുടിശ്ശിക	**10,55,677**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.1.(2)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. 2021-ലെ സർക്കാർ ഉത്തരവ് പ്രകാരം വാടകയിളവ് നൽകണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2022-ൽ ടിഡയിൽ ഹാജരായി 3 ലക്ഷം രൂപ അടച്ചുവെന്നും എന്നാൽ വാടകയിളവ് കൊടുക്കാൻ സാധിക്കുകയില്ലെന്ന ടിഡയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തുടർന്ന് എല്ലാ മാസവും 42,000 രൂപ വാടകയായി അടയ്ക്കുന്നുണ്ടെന്നും ടിഡ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. യഥാർത്ഥ കണക്കുപ്രകാരം അടയ്ക്കാനുള്ള വാടക ജി.എസ്.ടി. ഉൾപ്പെടെ 46,231 രൂപയാണെന്നും 42,000 രൂപ മാത്രം അടയ്ക്കുമ്പോൾ ഉണ്ടാകുന്ന ഷോർട്ടേജ് വരവ് വച്ചുപോകാൻ സാധിക്കില്ലയെന്നും ആയതിനാൽ കുടിശ്ശികയുൾപ്പെടെ അഡ്ജസ്റ്റ് ചെയ്യുമ്പോൾ വീണ്ടും കുടിശ്ശിക വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളതെന്നും ഡിമാന്റ് ബേസ്ഡ് ആയതിനാൽ ജി.എസ്.ടി. ഉൾപ്പെടെ 46,231 രൂപയായി കണക്കാക്കി അഡ്വാൻസായി അടയ്ക്കുകയാണ് ടിഡ ചെയ്യുന്നതെന്നും വാടകയായി നൽകുന്ന 42,000 രൂപയ്ക്ക് മാത്രമായി ജി.എസ്.ടി. അടയ്ക്കാൻ സാധിക്കില്ലെന്നും ഇപ്രകാരം വരുന്ന കുടിശ്ശിക വർദ്ധിച്ച് 25,61,422 രൂപ ഇനിയും അടയ്ക്കാനുണ്ടെന്നും മാസം തോറും 42,000 രൂപ അടയ്ക്കുന്നതിനാൽ സൊസൈറ്റി ഒഴിപ്പിക്കൽ നടപടിയിലേയ്ക്ക് പോകാൻ ഇതുവരെയും സാധിച്ചിട്ടില്ലെന്നും ടിഡ സെക്രട്ടറി കൂട്ടിച്ചേർത്തു.

24. കുടിശ്ശിക അടയ്ക്കുന്നതിന് ഒരു വർഷത്തെ സാവകാശം കൂടാതെ പിഴപ്പലിശ ഒഴിവാക്കി നൽകണമെന്ന് കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരുന്നതാണെന്ന് റിപ്പോർട്ടിൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും അത്തരത്തിൽ പരിശോധന ആരംഭിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വ്യവസായ വകുപ്പിന്റെ കീഴിലായതിനാൽ പ്രസ്തുത വകുപ്പ് ഒരു നടപടിക്രമം സ്വീകരിച്ചശേഷം മാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

25. തുടർന്ന് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രതിനിധിയോട് സമിതി പ്രസ്തുത വിഷയത്തിന്മേൽ അഭിപ്രായം ആരാഞ്ഞു. കോവിഡ് കാരണം ഒന്നര വർഷത്തോളം എല്ലാ ഷോറൂമുകളും അടച്ചിട്ടതിനാലാണ് കുടിശ്ശിക കൂടിയതെന്നും തുടർന്ന് 2021-ൽ അഞ്ച് ലക്ഷം രൂപ ഒന്നിച്ച് അടച്ചിരുന്നുവെന്നും ബാക്കി 16 ലക്ഷം രൂപ കുടിശ്ശിക യുണ്ടായിരുന്നതിൽ 2022-ൽ 3 ലക്ഷം രൂപ അടച്ചതായും ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ്

കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രതിനിധി ബോധിപ്പിച്ചു. നിലവിൽ വർക്കിംഗ് ക്യാപ്പിറ്റൽ കുറവായതുകാരണം വിൽപ്പന കുറവാണെന്നും അതിനാൽ ലഭിക്കുന്ന മുഴുവൻ വരുമാനവും വാടക, ഇലക്ട്രിക് ചാർജ്ജ് എന്നീ ഇനത്തിൽ അടച്ചുപോകുകയാണെന്നും 42,000 രൂപയിൽ 33,000 രൂപ വാടകയും ബാക്കിയുള്ളത് പലിശയുമാണെന്നും വാടക അതത് മാസം നൽകുന്നതോടൊപ്പം പഴയ പലിശയുടെ ഒരു ഭാഗവും അടയ്ക്കുന്നുണ്ടെന്നും ഈ കേസിൽ ഇളവ് വേണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ടെന്നും വാടക കുടിശ്ശിക അടയ്ക്കാൻ വേണ്ടി ഒരു ഗ്രാന്റ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വ്യവസായ വകുപ്പിന് നൽകിയ അപേക്ഷ ധനകാര്യ വകുപ്പിൽ പെൻഡിംഗിലാണെന്നും കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപെക്സ് സൊസൈറ്റി പ്രതിനിധി കൂട്ടിച്ചേർത്തു. ഗ്രാന്റ് കിട്ടുമെങ്കിൽ കുടിശ്ശിക കുറച്ചെങ്കിലും അടച്ചു തീർക്കാൻ സാധിക്കുമെന്നും നിലവിൽ സെയിൽസ് കുറവായതിനാൽ വർക്കിംഗ് ക്യാപ്പിറ്റൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ സെയിൽസ് കൂട്ടാനും കുടിശിക അടച്ചുതീർക്കാനും സാധിക്കുമെന്നും എന്നിരുന്നാലും വാടകയിനത്തിൽ ഇളവ് കിട്ടിയാൽ ആശ്വാസമായിരിക്കുമെന്നും ഹാന്റി ക്രാഫ്റ്റ്സ് അപെക്സ് സൊസൈറ്റി പ്രതിനിധി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത വിഷയം പരിശോധിച്ച് നടപടിയെടുക്കുവാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

26. പാളയം സാഫല്യം കോംപ്ലക്സിലെ ജി-18 കടമുറി കേരള സ്റ്റേറ്റ് ഹാന്റി ക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി ലിമിറ്റഡിന് വാടകയ്ക്ക് നൽകിയതിൽ വാടക കുടിശ്ശിക വരുത്തിയതുമായി ബന്ധപ്പെട്ട് വാടകയിനത്തിൽ ഇളവ് കിട്ടിയാൽ ആശ്വാസമായി രിക്കുമെന്ന് ഹാന്റിക്രാഫ്റ്റ്സ് അപെക്സ് സൊസൈറ്റി പ്രതിനിധി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കണമെന്ന് സർക്കാരിനോട് സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

എം. ജി. പി. മിഷൻ (കുടിശ്ശിക 96,810 രൂപ)

11. 9-2003-ലെ സ.ഉ.(ആർ.റ്റി)നം. 6429/03/ജി.എ.ഡി.യുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് റീഹാബിലിറ്റേഷൻ ബ്ലോക്കിലെ 2-ാം നിലയിൽ 750.75 സ്ക്വയർ മീറ്റർ കടമുറി എം.ജി.പി. മിഷന് 1-3-2004-ൽ അനുവദിച്ചു. മൂന്ന് വർഷത്തേയ്ക്ക് പ്രതിമാസം 52,507 രൂപ വാടകയും 1,57,521 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റുമാണ് നിശ്ചയിച്ചത്. 28-2-2007-ൽ കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് 1-3-2007 മുതൽ 15% വർദ്ധനവോട് കൂടി വാടക 60,383 രൂപയായും സെക്യൂരിറ്റി ഡെപ്പോസിറ്റ് 1,81,149 രൂപയായും പുതുക്കി നിശ്ചയിച്ചു.

പ്രസ്തുത സ്ഥലം എം.ജി.പി. മിഷൻ ഒഴിഞ്ഞതിനെ തുടർന്ന് 1-5-2007 മുതൽ കുടുംബശ്രീ ഏറ്റെടുത്തു. എം.ജി.പി. മിഷൻ 12/2006 വരെയുള്ള വാടക മാത്രമേ അടച്ചിട്ടുള്ളൂ. കുടിശികയുടെ വിവരം ചുവടെ ചേർക്കുന്നു.

വാടക 1/2007-2/2007 (2 x 52507)	1,05,014
3/2007-4/2007 (2 x 60383)	1,20,766
31-10-2007 വരെയുള്ള പലിശ 18%	28,551
ആകെ	2,54,331
സെക്യൂരിറ്റി ഡെപ്പോസിറ്റ് (-കുറയ്ക്കുക)	1,57,521
ആകെ	**96,810**

സർക്കാരിലേക്ക് കത്തയച്ചെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല. പ്രസ്തുത വിഷയം പൊതുഭരണവകുപ്പ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.1(3)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. എം.ജി.പി. മിഷൻ 2004 മുതലാണ് പ്രവർത്തനമാരംഭിച്ചതെന്നും 2006 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ പ്രവർത്തനം മതിയാക്കി പോയപ്പോഴുള്ള വാടകയായ 96,810 രൂപയാണ് ലഭിക്കാനുള്ളതെന്നും ആയതിന് സർക്കാരിലേയ്ക്ക് കത്ത് നൽകിയപ്പോൾ ട്രിഡയ്ക്ക് എന്തെങ്കിലും കുടിശ്ശിക ശേഷിക്കുന്നുണ്ടെങ്കിൽ അതിൽ അഡ്ജസ്റ്റ് ചെയ്ത് നൽകാമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

28. എം.ജി.പി. മിഷൻ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത കെട്ടിടം കുടുംബശ്രീ ഏറ്റെടുത്തതായി ട്രിഡ സെക്രട്ടറി മറുപടി നൽകി.

29. സർക്കാരിലേയ്ക്ക് ഒടുക്കേണ്ട എന്തെങ്കിലും തുക നിലനിൽക്കുന്നുണ്ടോ എന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടതിന് ട്രിഡ മറുപടി നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും ആയത് ഓഡിറ്റ് ചാർജ്ജിന്റെ തുകയാണെന്നും ഓഡിറ്റ് ചാർജ്ജിൽ നിന്നും ട്രിഡയെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ അറിയുവാൻ സാധിച്ചതെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

30. ധനകാര്യ വകുപ്പിന് ട്രിഡ എന്തടിസ്ഥാനത്തിലാണ് പണം നൽകുന്നതെന്ന് സമിതി ആരാഞ്ഞതിന് ആയത് ഓഡിറ്റ് ഫീസാണെന്നും ട്രിഡയിൽ നിന്നും എന്തെങ്കിലും മറുപടി ലഭ്യമായാൽ മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി. ട്രിഡ മറുപടി നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ധനകാര്യ വകുപ്പിൽ മറുപടി ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചശേഷം നടപടി സ്വീകരിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു.

31. ധനകാര്യ വകുപ്പിന് തീരുമാനമെടുക്കാവുന്ന നിലയിലുള്ള മറുപടിയാണോ ട്രിഡ നൽകിയതെന്ന് സമിതി ആരാഞ്ഞപ്പോൾ 2020-ൽ ഒരു കത്ത് നൽകിയിരുന്നുവെന്നും കുടിശ്ശികയുള്ളത് ഓഡിറ്റ് ചാർജ്ജ് തട്ടിക്കിഴിക്കണമെന്ന തീരുമാനം വന്നപ്പോൾ ഓഡിറ്റ് ചാർജ്ജ് തട്ടിക്കിഴിക്കാതെ കാശ് നൽകണമെന്നും അതില്ലാതെ മുന്നോട്ടുപോകാനുള്ള ബുദ്ധിമുട്ടുണ്ട് എന്നുമാണ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തതെന്നാണ് 2020-ൽ സർക്കാരിലേയ്ക്ക് അറിയിച്ചതെന്നും അതിന് ശേഷം പ്രസ്തുത വിഷയം ഉന്നയിച്ച് 2023-ലും തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

32. ട്രിഡയിൽ നിന്നും പണം അടയ്ക്കാനുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കൺകറന്റ് ഓഡിറ്റ് വിംഗിലേയ്ക്ക് ഫീസ് അടച്ചിട്ടില്ലെന്നും ഫീസ് അടയ്ക്കണമെന്ന് പറഞ്ഞ് കൺകറന്റ് ഓഡിറ്റിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായതുകൊണ്ട് ഓഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടാണ് ട്രിഡ സർക്കാരിലേയ്ക്ക് കത്തയച്ചിരിക്കുന്നതെന്നും ഫീസിൽ നിന്നും അഡ്ജസ്റ്റ് ചെയ്യാൻ സാധിക്കില്ലെന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമാണ് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചതെന്നും ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

33. പ്രസ്തുത വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് ധനകാര്യ വകുപ്പ് ഓഡിറ്റ് ഫീസ് ഒഴിവാക്കാൻ കഴിയില്ലെന്ന് ട്രിഡയെ അറിയിച്ചിരുന്നുവെങ്കിലും അതിനുശേഷം വ്യക്തമായ മറുപടി ലഭ്യമായിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

34. ആഗസ്റ്റ് മാസത്തിൽ ഇതുസംബന്ധിച്ച എല്ലാ വിവരങ്ങളും കാണിച്ചുകൊണ്ട് ഒരു കത്ത് തദ്ദേശ സ്വയംഭരണ വകുപ്പിന് അയച്ചിട്ടുണ്ടെന്നാണ് ട്രിഡയുടെ സെക്രട്ടറി അറിയിച്ചിട്ടുള്ളതെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ പ്രസ്തുത കത്ത് ലഭ്യമായിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു. ഓട്ടോണമസ് ബോഡിക്ക് ഫണ്ട് റിലീസ് ചെയ്യുകയാണെങ്കിൽ ഓഡിറ്റ് ഫീസ് നിർബന്ധമായും അടച്ചാൽ മാത്രമേ ഫണ്ട് റിലീസ് ചെയ്തു കൊടുക്കാറുള്ളൂവെന്നത് ധനകാര്യ വകുപ്പിന്റെ പൊതുവായ നിലപാടാണെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

35. ഓഡിറ്റ് ഫീസ് ഒഴിവാക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതെന്തിനാണെന്ന് സമിതി ആരാഞ്ഞു. ഓഡിറ്റ് ഫീസ് അടയ്ക്കണമെന്നത് ധനകാര്യ വകുപ്പിന്റെ പൊതുവായ നിലപാടായതിനാൽ അപ്രകാരം ഫീസ് ഒഴിവാക്കാറില്ലെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

36. 2018-19-ൽ 62 ലക്ഷം രൂപയാണ് ഓഡിറ്റ് ഫീസായി ട്രിഡ അടയ്ക്കേണ്ടതെന്നും 62 ലക്ഷം രൂപ അടയ്ക്കുവാൻ ട്രിഡയ്ക്ക് സാധിക്കുമോയെന്നും സമിതി ആരാഞ്ഞതിന് നിലവിൽ അപ്രകാരം തുക ഒടുക്കുവാൻ സാധിക്കുകയില്ലെന്ന് ട്രിഡ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത തുക അടച്ചാലേ ഫണ്ട് നൽകുകയുള്ളൂ എന്ന നിലപാട് ധനകാര്യ വകുപ്പ് സ്വീകരിച്ചാൽ പ്രശ്നം അവസാനിക്കാതെ കിടക്കുമെന്ന് സമിതി ചൂണ്ടിക്കാട്ടി.

37. എല്ലാ സ്ഥാപനങ്ങളെയും ഇപ്രകാരം ഒഴിവാക്കിക്കൊടുത്താൽ അതൊരു കീഴ്‌വഴക്കമാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രായോഗികമായ സമീപനം സ്വീകരിച്ച് ഇതിനെ നിയമവിധേയമാക്കിയാൽ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു. എത്ര കുടിശ്ശിക ട്രിഡ പിരിച്ചെടുക്കാനുണ്ടെന്നത് സംബന്ധിച്ച വിവരം ഓഡിറ്റ് പരാമർശങ്ങളിൽ നിന്നും വ്യക്തമാണെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി തദവസരത്തിൽ വ്യക്തമാക്കി.

38. പിരിച്ചെടുക്കാനുള്ള തുകയെല്ലാം സർക്കാർ സ്ഥാപനങ്ങളിൽ നിന്നാണെന്നും ഏറ്റവും പുതിയ കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ കൺകറന്റ് വിംഗ് വേണ്ടെന്നും വർഷത്തിലൊരിക്കൽ ഓഡിറ്റ് നടത്തിയാൽ മതിയെന്നുമാണ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നതെന്നും ട്രിഡ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. സർക്കാർ സ്ഥാപനങ്ങൾ വാടകയ്ക്കെടുക്കുമ്പോഴും ഒരു മാസം വാടക മുടങ്ങിയാൽപോലും 18 ശതമാനം പലിശ ഈടാക്കുന്നത് ന്യായീകരിക്കത്തക്കതല്ലെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു.

39. സർക്കാർ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള പലിശ നിരക്ക് കുറയ്ക്കാൻ സർക്കാർ പൊതുവായ ഒരു തീരുമാനമെടുത്താൽ തുക കുറച്ചുകൂടി കുറഞ്ഞുവരുമെന്നും സ്വകാര്യ വ്യക്തികൾക്കുള്ള മാനദണ്ഡമാണ് സർക്കാർ സ്ഥാപനങ്ങളോടും കാണിക്കുന്നതെന്നും സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ അങ്ങനെ ഒരു നിലപാട് സർക്കാർ എടുത്തുകഴിഞ്ഞാൽ സ്വകാര്യ വ്യക്തികൾ കോടതിയെ സമീപിക്കുമെന്നും അതല്ലെങ്കിൽ ഓരോ സ്ഥാപനങ്ങളുമായുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കണമെന്നും പൊതുവായിട്ടുള്ള തീരുമാനം ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയില്ലെന്നും സമിതി വിലയിരുത്തി. എല്ലാ മേഖലയിലുള്ളവർക്കും പലിശ നിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിരുന്നുവെങ്കിൽ നന്നായിരുന്നുവെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അഭിപ്രായപ്പെട്ടു. പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് പ്രായോഗിക നിലപാട് സ്വീകരിക്കണമെന്ന് ശിപാർശ നൽകുവാനും ഓരോ സ്ഥാപനങ്ങളുടെയും സാമ്പത്തിക സ്ഥിതി പരിശോധിച്ച് ആവശ്യമായിട്ടുള്ള പ്രത്യേക ക്രമീകരണം നടത്തണമെന്ന് ആവശ്യപ്പെടുവാനും സമിതി തീരുമാനിച്ചു.

40. സർക്കാർ തലത്തിൽ നിലപാട് സ്വീകരിക്കുമ്പോൾ സ്വകാര്യമേഖല ആവശ്യപ്പെട്ടാൽ ഭരണഘടനാ തത്വമനുസരിച്ച് ആർക്കും നിഷേധിക്കാൻ സാധിക്കില്ലെന്നും ശതമാന നിരക്ക് പല മേഖലയിലും അപ്രായോഗികമായതിനാൽ പൊതുവായ ഒരു തീരുമാനം ഇക്കാര്യത്തിലുണ്ടായാൽ നടപ്പിലാക്കാൻ സാധിക്കുമെന്നാണ് ധനകാര്യ വകുപ്പിന്റെ അഭിപ്രായമെന്നും സമിതി അഭിപ്രായപ്പെട്ടു.

41. ട്രിഡ പോലെയുള്ള സ്ഥാപനങ്ങൾക്ക് ഫിനാൻഷ്യൽ അനാലിസിസിന് സംവിധാനമൊന്നുമില്ലേയെന്നും എന്തുകൊണ്ട് നഷ്ടമുണ്ടാകുന്നുവെന്നുള്ളതിന് എന്തെങ്കിലും വിലയിരുത്തൽ നടത്താറുണ്ടോയെന്നും സമിതി ആരാഞ്ഞതിന് കുടിശ്ശിക കിട്ടാനുള്ളത് സർക്കാർ സ്ഥാപനങ്ങളിൽ നിന്നാണെന്ന പൊതുവായിട്ടുള്ള നിഗമനമാണ് ട്രിഡ നടത്തിയിരിക്കുന്നതെന്നും പുനരധിവാസ കേന്ദ്രങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്നും സബ്സിഡൈസ്ഡ് വാടകയാണ് വരുന്നതെന്നും മാർക്കറ്റ് റേറ്റിൽ 20,000 രൂപയ്ക്ക് പോകുന്നതുപോലും പുനരധിവാസ പദ്ധതിയിൽ വരുമ്പോൾ 5,000, 2,000 എന്നീ നിരക്കിലായിരിക്കും വാടകയ്ക്ക് പോകുന്നതെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

42. പുനരധിവാസമാണെങ്കിലും നിശ്ചയിക്കുന്ന വാടക കൃത്യമായി അടയ്ക്കുന്നില്ലെന്നും സ്വകാര്യ മേഖലയുമായി മത്സരിക്കാൻ സാധിക്കില്ലെന്നും സർക്കാർ നിർദ്ദേശം പാലിക്കുകയാണ് ട്രിഡ ചെയ്യുന്നതെന്നും സമിതി വിലയിരുത്തി. പ്രസ്തുത വിഷയത്തിന്മേൽ പ്രായോഗികമായ നിലപാട് സ്വീകരിക്കുന്നതിന് ധനകാര്യ വകുപ്പ് മുൻകൈയെടുക്കണമെന്നും ആയതിനുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് നൽകണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങളും ശിപാർശകളും

43. സർക്കാർ സ്ഥാപനങ്ങൾക്ക് നഗരസഭ നിശ്ചയിച്ചിട്ടുള്ള വാടകയിൽ കുടിശ്ശിക വരുത്തിയാൽ ആയത് ഈടാക്കുന്ന പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് പ്രായോഗിക നിലപാട് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓരോ സ്ഥാപനങ്ങളുടെയും സാമ്പത്തിക സ്ഥിതി പരിശോധിച്ച് ആവശ്യമായിട്ടുള്ള പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണമെന്നും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് മുൻകൈയെടുക്കണമെന്നും ആയതിനുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് നൽകണമെന്നും സമിതി ശിപാർശ നൽകുന്നു.

ഓഡിറ്റ് ഖണ്ഡിക

കുടുംബശ്രീ (കുടിശ്ശിക 76,258 രൂപ)

മെഡിക്കൽ കോളേജ് റീഹാബിലിറ്റേഷൻ ബ്ലോക്കിൽ 1521.75 ചതുരശ്ര മീറ്റർ ഓഫീസ് സ്പേസ് 29-12-2006-ലെ 3339/06/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-5-2007 മുതൽ മൂന്ന് വർഷത്തേക്ക് പ്രതിമാസ വാടക 81,325 രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റ് 2,43,975 രൂപയും (3 മാസത്തെ വാടക) നിജപ്പെടുത്തി കുടുംബശ്രീക്ക് അനുവദിച്ചു. സെക്യൂരിറ്റി ഡെപ്പോസിറ്റിൽ 48,399 രൂപ കുടിശ്ശികയാണ്.

വാടക കുടിശികയ്ക്ക് 18% പലിശ, മൂന്ന് വർഷം കൂടുമ്പോൾ 15% വർദ്ധനവോട് കൂടി വാടക കരാർ പുതുക്കുക, മെയിന്റനൻസ് ചാർജ്ജ്. വാട്ടർ കണക്ഷൻ ചാർജ്ജ് ഈടാക്കൽ തുടങ്ങിയ ട്രിഡയുടെ വാടകക്കരാറിലെ പൊതു വ്യവസ്ഥകൾ കുടുബശ്രീയുമായുള്ള കരാറിൽ ഒഴിവാക്കപ്പെട്ടു. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ TDS ഇനത്തിൽ കുറവ് ചെയ്തിട്ടുള്ള തുകയ്ക്ക് പൂർണ്ണമായും സർട്ടിഫിക്കറ്റ് കുടുംബശ്രീ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	കുറവ് ചെയ്ത തുക	സർട്ടിഫിക്കറ്റ് ഹാജരാക്കിയത്	വ്യത്യാസം
2013-14	1,47,801	93,053	54,748
2014-15	1,18,305	96,795	21,510
ആകെ			**76,258**

കുടിശ്ശിക തുക ഈടാക്കുന്നതിനും, കരാർ അവസാനിക്കുന്ന മുറയ്ക്ക് (30-4-2019-ന് കരാർ അവസാനിക്കും) കരാർ പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.1(4)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മെഡിക്കൽ കോളേജ് റീഹാബിലിറ്റേഷൻ ബ്ലോക്കിലാണ് കുടുംബശ്രീയുടെ സ്റ്റേറ്റ് മിഷൻ ഓഫീസ് പ്രവർത്തിക്കുന്നതെന്നും 2019 മുതലുള്ള എഗ്രിമെന്റ് പൂർത്തിയാക്കിയിട്ടില്ലെന്നും മൂന്ന് വർഷം കൂടുമ്പോഴുള്ള 15 ശതമാനം വാടക വർദ്ധനവും അതിനാനുപാതികമായ ജി.എസ്.ടി.-യും ഉൾപ്പെടെയാണ് 10,72,105 രൂപ കുടിശ്ശികയായിട്ടുള്ളതെന്നും ടിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

45. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലേയ്ക്ക് അറിയിപ്പ് നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 2022-ൽ കുടുംബശ്രീ എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടറുമായി സംസാരിച്ചതിൻ പ്രകാരം കരാറിൽ ഏർപ്പെടുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നുവെന്നും ആയതിലേയ്ക്ക് കരട് അംഗീകരിച്ച് അയയ്ക്കുകയും ചെയ്തുവെന്നും 04/2023 മുതൽ 08/2023 വരെ 10,72,105 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ കുടുംബശ്രീയുടെ കണക്ക് പ്രകാരം 2023 ജൂലൈ വരെയുള്ള വാടക ഒടുക്കിയിട്ടുള്ളതാണെന്നും കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വ്യക്തമാക്കി.

46. പഴയ നിരക്ക് പ്രകാരമുള്ള വാടകയാണോ അടയ്ക്കുന്നതെന്നും കരാർ പുതുക്കാത്തതിനുള്ള കാരണമെന്താണെന്നും സമിതി ആരാഞ്ഞതിന് കരാർ പ്രകാരം വർഷംതോറുമുള്ള 8 ശതമാനം വർദ്ധനവ് ഉൾപ്പെടെയുള്ള തുകയാണ് അടച്ചുകൊണ്ടിരിക്കുന്നതെന്നും നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്ത് യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്തതിനാലാണ് കരാർ പുതുക്കാത്തതെന്നും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിട്ടും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബോധിപ്പിച്ചു. സ്ത്രീകളുൾപ്പെടെ 150-ഓളം ജീവനക്കാർ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ബാത്ത്റൂം ഉൾപ്പെടെ ചോർന്നൊലിക്കുന്ന സ്ഥിതിയിലാണുള്ളതെന്നും ആയതിനാൽ ഓഫീസ് അട്ടക്കുളങ്ങരയിലുള്ള ടിഡയുടെ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചെങ്കിലും വാടകയുമായി ബന്ധപ്പെട്ട് ധാരണയിലെത്താൻ സാധിക്കാത്തതിനാൽ അന്തിമ തീരുമാനമെടുത്തിട്ടില്ലെന്നും തുടർന്ന് 11-8-2023-ൽ

വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ജനറൽ ബോഡി യോഗത്തിൽ കുടുംബശ്രീക്ക് സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ ധരിപ്പിച്ചു.

47. കുടുംബശ്രീ പഴയ നിരക്കിലുള്ള വാടകയാണ് നൽകുന്നതെന്നും 2019 മുതലുള്ള എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്ത് അതിനാനുപാതികമായ വാടക വർദ്ധനവ് നൽകിയിട്ടില്ലെന്നും ട്രിഡയെ സംബന്ധിച്ചിടത്തോളം വർദ്ധനവ് വരുത്താതിരിക്കാൻ സാധിക്കില്ലെന്നും വാടക വർദ്ധനവിനനുസരിച്ച് ജി.എസ്.ടി. ഉൾപ്പെടെയുള്ള നികുതി, ട്രിഡ കോർപ്പറേഷനിൽ അടയ്ക്കുന്നുണ്ടെന്നും ഇക്കാര്യം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും ട്രിഡ സെക്രട്ടറി തദവസരത്തിൽ വിശദീകരിച്ചു. ഓരോ വർഷവും മേയ് മാസം 8 ശതമാനം വർദ്ധനവോടുകൂടിയാണ് വാടക അടച്ചുകൊണ്ടിരിക്കുന്നതെന്നും 2023 ജൂലൈ മാസം വരെയുള്ള വാടക നൽകിയിട്ടുണ്ടെന്നും കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചു. മറ്റ് വാണിജ്യ സ്ഥാപനങ്ങളോടുള്ള നിലപാട് കുടുംബശ്രീ മിഷനോട് സ്വീകരിക്കരുതെന്നും ഇക്കാര്യത്തിൽ കുടുംബശ്രീക്ക് ഇളവ് നൽകണമെന്നും സമിതി നിർദ്ദേശിച്ചപ്പോൾ അതുകൊണ്ടാണ് കുടുംബശ്രീയിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാത്തത് എന്ന് ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

48. നല്ല നിലയിൽ പ്രവർത്തിക്കുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന സ്ഥാപനത്തിന്റെ നിലനിൽപ്പിന് തടസ്സമാകുന്ന പ്രവൃത്തി ട്രിഡയുടെ ഭാഗത്തുനിന്നും സ്വീകരിക്കരുതെന്നും ടി വിഷയത്തിൽ കുടുംബശ്രീ, ട്രിഡ എന്നീ സ്ഥാപനങ്ങളിലെ ഉന്നതതല ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പരിഹാരം കാണണമെന്നും സമിതി നിർദ്ദേശിച്ചു.

49. കരാർ പുതുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും കരാർ പുതുക്കാതെ ട്രിഡയുടെ അടുക്കളങ്ങരയിലെ കെട്ടിടം വാടകയ്ക്ക് എടുക്കാൻ തീരുമാനമെടുത്തിരുന്നുവെന്നും കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ബോധിപ്പിച്ചു. 18 ശതമാനം ജി.എസ്.ടി. അടയ്ക്കാത്തത് എന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ ജി.എസ്.ടി. ഉൾപ്പെടെ 2,18,419 രൂപയാണ് വാടകയിനത്തിൽ അടയ്ക്കുന്നതെന്ന് കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മറുപടി നൽകി.

50. കുടുംബശ്രീ പഴയ നിരക്കിലെ വാടകയ്ക്കുള്ള ജി.എസ്.ടി. ആണ് അടയ്ക്കുന്നതെന്നും 2019-നുശേഷം പ്രാബല്യത്തിൽ വരുത്തേണ്ട വാടക വർദ്ധനവിനാനുപാതികമായ ജി.എസ്.ടി. അവർ അടയ്ക്കുന്നില്ലെന്നും ട്രിഡ ഡിമാന്റ് ബേസ്ഡായ ജി.എസ്.ടി. ആണ് അടയ്ക്കുന്നതെന്നും ട്രിഡ സെക്രട്ടറി വിശദീകരിച്ചു.

51. ട്രിഡ നൽകുന്ന ഇൻവോയ്സ് അനുസരിച്ചാണ് വാടക നൽകുന്നതെന്ന് കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചു. കുടുംബശ്രീയിൽ നിന്നും 2,43,975 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കിയതു സംബന്ധിച്ച് വിശദീകരണം നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് ആനുപാതിക ഡെപ്പോസിറ്റ് മാത്രമാണ് കുടുംബശ്രീയിൽ നിന്നും ഈടാക്കുന്നതെന്നും മേൽപ്പറഞ്ഞ കരാർ പുതുക്കുമ്പോൾ മൂന്ന് മാസത്തെ വാടക മാത്രമാണ് അടയ്ക്കുന്നതെന്നും ഒരു സ്ഥാപനം ഒഴിയുമ്പോൾ ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കാൻ സാധിക്കുമെന്നും ട്രിഡ സെക്രട്ടറി വ്യക്തമാക്കി. എം.ജി.പി. മിഷൻ കെട്ടിടം ഒഴിഞ്ഞപ്പോൾ വൈദ്യുതി ബില്ലിനത്തിൽ കുടിശ്ശിക വരുത്തിയ തുക ട്രിഡയ്ക്ക് അടയ്ക്കേണ്ടി വന്നുവെന്നും വാടകക്കാരൻ അടയ്ക്കേണ്ട വൈദ്യുതി ബിൽ ട്രിഡ അടച്ചത് സംബന്ധിച്ച് ഓഡിറ്റ് പരാമർശം വരാൻ സാധ്യതയുണ്ടെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

52. സർക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തമ്മിൽ തർക്കമുണ്ടായാൽ ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള നടപടിയൊന്നും സ്വീകരിക്കുന്നില്ലെന്നും പ്രസ്തുത വിഷയം പരിഹരിക്കണമെന്ന നിലപാട് കുടുംബശ്രീയും സ്വീകരിക്കുന്നില്ലെന്നും പഴയ കരാർ പ്രകാരമുള്ള വാടകയാണ് കുടുംബശ്രീ നൽകുന്നതെന്നും വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടത്തിൽ അപാകതകളുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ട്രിഡ ബാധ്യസ്ഥമാണെന്നും സമിതി അഭിപ്രായപ്പെട്ടു. കെട്ടിടത്തിന്റെ അവസ്ഥ പരിതാപകരമാണെന്ന് കുടുംബശ്രീ അധികൃതർ അറിയിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വർഷംതോറും അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ടെന്ന് ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. കെട്ടിടം അറ്റകുറ്റപ്പണി നടത്തുന്നതിനായി നിരവധി തവണ ഫോൺ മുഖാന്തരം ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് കുടുംബശ്രീ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വ്യക്തമാക്കി.

53. മെഡിക്കൽ കോളേജിലെ ട്രിഡയുടെ കെട്ടിടത്തിന് 50 വർഷത്തോളം പഴക്കമുള്ളതിനാൽ അവിടെനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം മെയിന്റനൻസിനായി മാറ്റി വയ്ക്കുന്നുണ്ടെന്നും കൂടുതൽ തുക ചെലവഴിച്ചാൽ ഓഡിറ്റ് ഒബ്ജക്ഷൻ വരാനുള്ള സാധ്യതയുണ്ടെന്നും വരുമാനം നോക്കാതെയാണ് മെയിന്റനൻസിനായി തുക ചെലവഴിക്കുന്നതെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു. 50 വർഷം പഴക്കമുള്ള കെട്ടിടം ഉപയോഗയോഗ്യമാണോയെന്ന് പി.ഡബ്ല്യു.ഡി.-യെ കൊണ്ട് പരിശോധിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അഭിപ്രായപ്പെട്ടു.

54. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒന്നുരണ്ട് ഏജൻസികൾ കെട്ടിടം ഒഴിഞ്ഞുതരികയാണെങ്കിൽ Floor Area Ratio (FAR) പ്രകാരം കാർ പാർക്കിംഗോടുകൂടിയ മൾട്ടിലെവൽ ബിൽഡിംഗ് നിർമ്മിക്കാമെന്ന് ട്രിഡ ചീഫ് എഞ്ചിനീയർ ബോധിപ്പിച്ചു. പ്രസ്തുത കെട്ടിടത്തിന് അപകടം സംഭവിച്ചാൽ കുടുംബശ്രീ ഉത്തരവാദിത്തം പറയേണ്ടി വരുമെന്നും സാങ്കേതികത്വം പറയാൻ പറ്റില്ലെന്നും അഭിപ്രായപ്പെട്ട സമിതി നിലവിലെ സ്ഥിതി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ വകുപ്പിനോട് നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

55. വാടക ഈടാക്കുന്ന വിഷയത്തിൽ കുടുംബശ്രീ, ട്രിഡ എന്നീ സ്ഥാപനങ്ങളിലെ ഉന്നതതല ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പരിഹാരം കാണണമെന്നും നല്ല നിലയിൽ പ്രവർത്തിക്കുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കുടുംബശ്രീ എന്ന സ്ഥാപനത്തിന്റെ നിലനിൽപ്പിന് തടസ്സമാകുന്ന നിലപാട് ട്രിഡയുടെ ഭാഗത്തുനിന്നും സ്വീകരിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു. മെഡിക്കൽ കോളേജിലെ ട്രിഡയുടെ കെട്ടിടം കാലപ്പഴക്കത്താൽ പരിതാപകരമായ അവസ്ഥയിലാണെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തിരുവനന്തപുരം നഗരസഭ (കുടിശ്ശിക 30,13,787 രൂപ)

പാളയം സാഫല്യം കോംപ്ലക്സിലെ ജി-3, ജി-4, ജി-14, ജി-15, കടമുറികൾ തിരുവനന്തപുരം കോർപ്പറേഷന് 1999-ൽ മൂന്ന് വർഷത്തേയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. നഗരസഭ ആവശ്യപ്പെട്ടതനുസരിച്ച് കടകൾ 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് 21-3-2001-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിക്കുകയും 1-4-2001 മുതൽ ജി-3, ജി-4, ജി-14, ജി-15, എന്നീ കടമുറികൾ 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുകയും, പാട്ടത്തുകയായ 84,25,000 രൂപ നഗരസഭ അടവാക്കുകയും ചെയ്തു. എന്നാൽ പാട്ടക്കരാർ ചമച്ചിരുന്നില്ല. വാടകക്കരാർ, മെയിന്റനൻസ് ചാർജ്ജ് എന്നിവ സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി 7-3-2019 ബഹു. മേയറുടെ ചേംബറിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലായിട്ടില്ല.

മെയിന്റനൻസ് ചാർജ്ജ് സംബന്ധിച്ച് വ്യക്തമായ രൂപരേഖകളില്ലാതെ പാട്ടക്കരാർ ചമയ്ക്കാതെ നഗരസഭയ്ക്ക് കടമുറികൾ വാടകയ്ക്ക് നൽകിയതിനാൽ മെയിന്റനൻസ് ചാർജ്ജ്, ജി.എസ്.റ്റി., പലിശ എന്നീ ഇനങ്ങളിലായി 30,13,787 രൂപ (67,008+67,008+3,22,305+1,69,595+23,87,871) 31-3-2019 വരെ കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കടമുറി നം. ജി -3	തുക
2016-17 മുതൽ 2018-19 വരെയുള്ള വാർഷിക മെയിന്റനൻസ് ചാർജ്ജ്	8,970
31-3-2019 വരെയുള്ള പലിശ	4,037
2001-02 മുതൽ 2015-16 വരെയുള്ള മെയിന്റനൻസ് ചാർജ്ജ് കുടിശ്ശികയുടെ പലിശ	52,245
2016-17 -ലെ മെയിന്റനൻസ് ചാർജ്ജിന്റെ സർവ്വീസ് ചാർജ്ജ്	414
സർവ്വീസ് ടാക്സിന്റെ 31-3-2019 വരെയുള്ള പലിശ	224
2017-18, 2018-19 ലെ മെയിന്റനൻസ് ചാർജ്ജിന്റെ ജി.എസ്.റ്റി.	1,118
31-3-2019 വരെയുള്ള ആകെ കുടിശ്ശിക	67,008

കടമുറി നം. ജി -4	തുക
2016-17 മുതൽ 2018-19 വരെയുള്ള വാർഷിക മെയിന്റനൻസ് ചാർജ്ജ്	8,970
31-3-2019 വരെയുള്ള പലിശ	4,037
2001-02 മുതൽ 2015-16 വരെയുള്ള മെയിന്റനൻസ് ചാർജ്ജ് കുടിശ്ശികയുടെ പലിശ	52,245

2016-17 ലെ മെയിന്റനൻസ് ചാർജിന്റെ സർവ്വീസ് ചാർജ്ജ്	414
സർവ്വീസ് ടാക്സിന്റെ 31-3-2019 വരെയുള്ള പലിശ	224
2017-18, 2018-19 ലെ മെയിന്റനൻസ് ചാർജ്ജിന്റെ ജി.എസ്.റ്റി.	1,118
31-3-2019 വരെയുള്ള ആകെ കുടിശ്ശിക	67,008

കടമുറി നം. ജി -14	തുക
2001-02 മുതൽ 2018-19 വരെയുള്ള വാർഷിക മെയിന്റനൻസ് ചാർജ്ജ്	1,12,057
31-3-2019 വരെയുള്ള പലിശ	1,82,875
2016-17-ലെ മെയിന്റനൻസ് ചാർജ്ജിന്റെ സർവ്വീസ് ചാർജ്ജ്	10,264
സർവ്വീസ് ടാക്സിന്റെ 31-3-2019 വരെയുള്ള പലിശ	14,431
2017-18, 2018-19-ലെ മെയിന്റനൻസ് ചാർജ്ജിന്റെ ജി.എസ്.റ്റി.	2,678
31-3-2019 വരെയുള്ള ആകെ കുടിശ്ശിക	3,22,305

കടമുറി നം. ജി -15	തുക
2016-17 മുതൽ 2018-19 വരെയുള്ള വാർഷിക മെയിന്റനൻസ് ചാർജ്ജ്	23,023
3-3-2019 വരെയുള്ള പലിശ	7,970
2001-02 മുതൽ 2015-16 വരെയുള്ള മെയിന്റനൻസ് ചാർജ്ജ് കുടിശ്ശികയുടെ പലിശ	1,34,096

2016-17 വരെയുള്ള മെയിന്റനൻസ് ചാർജ്ജിന്റെ സർവ്വീസ് ചാർജ്ജ്	1,063
സർവ്വീസ് ടാക്സിന്റെ 31-3-2019 വരെയുള്ള പലിശ	574
2017-18, 2018-19-ലെ മെയിന്റനൻസ് ചാർജ്ജിന്റെ ജി.എസ്.റ്റി.	2,869
31-3-2019 വരെയുള്ള ആകെ കുടിശ്ശിക	1,69,595

കടമുറി നം. ജി -5	തുക
06/2000-ലെ പ്രതിമാസ മെയിന്റനൻസ് ചാർജ്ജിന്റെ ബാക്കി	2,073
07/2000 മുതൽ 03/2019 വരെയുള്ള പ്രതിമാസ മെയിന്റനൻസ് ചാർജ്ജ്	8,37,882
31-3-2019 വരെയുള്ള പലിശ	13,60,109
06/2017 വരെയുള്ള മെയിന്റനൻസ് ചാർജ്ജിന്റെ സർവ്വീസ് ചാർജ്ജ്	74,655
സർവ്വീസ് ടാക്സിന്റെ 31-3-2019 വരെയുള്ള പലിശ	96,010
07/2017 മുതൽ 03/2019 വരെയുള്ള മെയിന്റനൻസ് ചാർജ്ജിന്റെ ജി.എസ്.റ്റി.	17,142
31-3-2019 വരെയുള്ള ആകെ കുടിശിക	23,87,871

[(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ;ഖണ്ഡിക 3.2.1(5)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

56. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 1999-ൽ സാഫല്യം കോംപ്ലക്സിലെ കടമുറികൾ തിരുവനന്തപുരം കോർപ്പറേഷന് ആദ്യം വാടകയ്ക്ക് കൊടുത്തതായും 2001-ൽ ലീസിലേയ്ക്ക് മാറ്റിയതായും 2001-ൽ തന്നെ ജനകീയാസൂത്രണ ഫണ്ടുപയോഗിച്ച് ലീസ് തുകയായ 84 ലക്ഷം രൂപ അടച്ചിരുന്നതായും എസ്.5 നമ്പർ കടയുടെ ലീസ് എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തെങ്കിലും ജി.3, ജി.4, ജി.14, ജി.15 എന്നീ കടകളുടെ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടില്ലായിരുന്നുവെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു. കാലാകാലങ്ങളിലെ മെയിന്റനൻസ് ചാർജ്ജും അതിനനുസൃതമായ ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയും അടയ്ക്കണമെന്നും 2017-ൽ 2001 മുതൽ കുടിശ്ശികയുണ്ടായിരുന്ന മെയിന്റനൻസ് ചാർജ്ജ്, സർവ്വീസ് ടാക്സ് എന്നിവ പലിശ ഒഴിവാക്കി അടച്ചിട്ടുണ്ടായിരുന്നുവെന്നും അതിനുശേഷം എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയോ ബാക്കി തുക അടയ്ക്കുകയോ ചെയ്തിട്ടില്ലെന്നും ട്രിഡ സെക്രട്ടറി അറിയിച്ചു. 46,27,112 രൂപ കോർപ്പറേഷനിൽ നിന്നും കിട്ടാനുണ്ടെന്നും എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുന്നതിനും തുക അടപ്പിക്കുന്നതിനും വേണ്ടി സർക്കാരിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടായിരുന്നുവെന്നും ഒരു മാസം മുമ്പും കോർപ്പറേഷനുമായി ഒരു മീറ്റിംഗ് കൂടി എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യണമെന്ന് അറിയിച്ചിരുന്നതായും ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

57. പ്രസ്തുത പ്രശ്നം അതോറിറ്റിയും കോർപ്പറേഷനും തമ്മിൽ ചർച്ച ചെയ്ത് തീർപ്പാക്കാവുന്നതേയുള്ളൂവെന്ന് തദവസരത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി. ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ട്രിഡ സെക്രട്ടറിയുടെ അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നുവെന്നാണെന്നും പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിച്ചപ്പോൾ അർബൻ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ട്രിഡയുടെ പരാമർശവുമായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തിയിട്ടില്ലെന്നും ബന്ധപ്പെട്ട വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി ബോധിപ്പിച്ചു.

58. ട്രിഡയിലെയും കോർപ്പറേഷനിലെയും അധികൃതർ തമ്മിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാതെ സർക്കാരിലേയ്ക്ക് കത്തയയ്ക്കുന്നതെന്തിനാണെന്ന സമിതിയുടെ ചോദ്യത്തിന് 2001-ൽ എക്സിക്യൂട്ട് ചെയ്യേണ്ട എഗ്രിമെന്റ് ഇതുവരെ എക്സിക്യൂട്ട് ചെയ്തിട്ടില്ലെന്ന വിവരം സർക്കാരിനെ അറിയിക്കുന്നതിനുവേണ്ടിയാണ് കത്തയച്ചതെന്ന് ട്രിഡ സെക്രട്ടറി മറുപടി നൽകി.

59. ട്രിഡ അധികൃതർ നിർവഹിക്കേണ്ട ഉത്തരവാദിത്തം നിർവഹിക്കാതെ സർക്കാരിന് കത്തെഴുതുന്നതിലെ അർത്ഥമെന്താണെന്ന സമിതിയുടെ ചോദ്യത്തിന് ട്രിഡയുടെ സെന്റേജ് ചാർജ്ജ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സർക്കാരാണ് ഇടപെടൽ നടത്തുന്നതെന്ന് ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

60. എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുന്നില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും അപ്പോൾ കോർപ്പറേഷൻ അധികൃതർ സർക്കാരിനെ സമീപിക്കുമെന്നും ട്രിഡ അതോറിറ്റിയും കോർപ്പറേഷൻ സെക്രട്ടറിയും തമ്മിൽ ചർച്ച ചെയ്ത് പ്രസ്തുത വിഷയം പരിഹരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

61. സാഫല്യം കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക, മെയിന്റനൻസ് ചാർജ്ജ് എന്നിവ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രശ്നങ്ങൾ ട്രിഡ അതോറിറ്റിയും നഗരസഭയും തമ്മിൽ ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കൺസ്യൂമർ ഫെഡ് (കുടിശ്ശിക 52,69,926 രൂപ)

കേദാരം ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം.8,79, എസ്. 4, എസ്. 9, എസ്. 10, എസ്. 11 എന്നിവയും, സാഫല്യം ഷോപ്പിംഗ് കോംപ്ലക്സിലെ ജി. 7, ജി. 10, ജി. 19 എന്നീ കടമുറികളിലുമായി കൺസ്യൂമർ ഫെഡിന്റെ വിവിധ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കടമുറികളുടെ വാടകക്കരാർ 2004, 2005 വർഷങ്ങളിലായി അവസാനിച്ചു. നാളിതുവരെ ആയത് പുതുക്കിയിട്ടില്ല. മൂന്ന് വർഷം കൂടുമ്പോൾ 15% വാടക വർദ്ധനവ് വരുത്തി വാടക നിശ്ചയിക്കേണ്ടതുണ്ട്. ഓരോ കടയുടേയും പുതുക്കി നിശ്ചയിച്ച വാടക, മെയിന്റനൻസ് ചാർജ്ജ്, സർവ്വീസ് ടാക്സ്/ ജി. എസ്. റ്റി. എന്നിവയുടെ വിവരവും, കൺസ്യൂമർ ഫെഡ് അടവാക്കുന്ന തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

കടമുറി നമ്പർ	പ്രതിമാസ വാടക	മെയിന്റനൻസ് ചാർജ്ജ്	ST/GST
(1)	(2)	(3)	(4)
കേദാരം 8	5725 രൂപ (20-7-2017 മുതൽ)	286	1,082
കേദാരം 79	47,684 രൂപ (16-7-2015 മുതൽ)	2,384	9,012

(1)	(2)	(3)	(4)
കേദാരം എസ് 4	46,262 രൂപ(12-10-2016 മുതൽ)	2,313	8,744
കേദാരം എസ് 9	46,262 രൂപ(12-10-2016 മുതൽ)	2,313	8,744
കേദാരം എസ് 10	16,678 രൂപ (1-4-2017 മുതൽ)	834	3,152
കേദാരം എസ് 11	16,678 രൂപ(1-4-2017 മുതൽ)	834	3,152
സാഫല്യം ജി 7	4,037 രൂപ(26-7-2017 മുതൽ)	834	727
സാഫല്യം ജി 10	8,339 രൂപ(30-7-2017 മുതൽ)	834	1,501
സാഫല്യം ജി 19	28,845 രൂപ(1-8-2017 മുതൽ)	834	5,192
ആകെ	**1,57,570 രൂപ (-10% TDS)**	**5,817**	**41,306**

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം കൺസ്യൂമർ ഫെഡ് പ്രതിമാസം ആകെ 1,77,040 രൂപയാണ് (1,57,570+5,817+29,410= 1,92,797-15,757=1,77,040) വാടകയായി ട്രിഡയിൽ ഒടുക്കേണ്ടത്. എന്നാൽ ആയതിന് പകരം 74,128 രൂപയാണ് (2004, 2005 വർഷങ്ങളിലെ നിരക്ക് അനുസരിച്ച്) ഒടുക്കുവരുത്തുന്നത്. വാടക ഡിമാന്റ് അനുസരിച്ചുള്ള ജി.എസ്.റ്റി. ട്രിഡ അടയ്ക്കുന്നതിനാൽ ഇത് ട്രിഡയ്ക്ക് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നു. കൺസ്യൂമർ ഫെഡിൽ നിന്നും പിഴപ്പലിശയിനത്തിൽ 18% തുകയ്ക്ക് പകരം 12% ആണ് ട്രിഡ ഈടാക്കുന്നത്. ഇതും ട്രിഡയ്ക്ക് നഷ്ടമുണ്ടാക്കുന്നു. കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കടമുറി നമ്പർ 8 (കേദാരം)	തുക
04/2018 മുതൽ 03/2019 വരെയുള്ള വാടക	68,700
04/2018 മുതൽ 03/2019 വരെയുള്ള മെയിന്റനൻസ് ചാർജ്ജ്	3,432
03/2019 വരെയുള്ള പലിശ	4,689
ജി.എസ്.റ്റി.	12,984
ആകെ	**89,805**

കടമുറി നമ്പർ 79 (കേദാരം)	തുക
05/2017 മുതൽ 03/2019 വരെയുള്ള വാടക	11,37,337
05/2017 മുതൽ 03/2019 വരെയുള്ള മെയിന്റനൻസ് ചാർജ്ജ്	79,197
03/2019 വരെയുള്ള പലിശ	1,41,289
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	15,020
സർവ്വീസ് ടാക്സിന്റെ പലിശ	5,069
ജി.എസ്.റ്റി.	2,00,952
ആകെ	**15,78,864**

കടമുറി നമ്പർ എസ്. 4, എസ് 9 (കേദാരം)	തുക
03/2017 മുതൽ 03/2019 വരെയുള്ള വാടക	11,56,550
03/2017 മുതലുള്ള മെയിന്റനൻസ് ചാർജ്ജ്	57,825
12/2019 വരെയുള്ള പലിശ	1,57,869
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	29,145
03/2019 വരെയുള്ള സർവ്വീസ് ടാക്സിന്റെ പലിശ	10,274
ജി.എസ്.റ്റി.	1,83,614
ആകെ	**15,95,277**

കടമുറി നമ്പർ എസ്. 10, എസ്. 11 (കേദാരം)	തുക
03/2017 -ലെ വാടക ബാക്കി	7,700
04/2017 മുതൽ 03/2019 വരെയുള്ള വാടക	4,00,272
04/2017 മുതലുള്ള മെയിന്റനൻസ് ചാർജ്ജ്	20,016
03/2019 വരെയുള്ള പലിശ	54,461
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	9,035
03/2019 വരെയുള്ള സർവ്വീസ് ടാക്സിന്റെ പലിശ	3,152
ജി.എസ്. റ്റി.	66,195
ആകെ	**5,60,831**

കടമുറി നമ്പർ ജി 7 (സാഫല്യം)	തുക
04/2017 മുതൽ 03/2019 വരെയുള്ള വാടക	94,882
03/2019 വരെയുള്ള പലിശ	11,658
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	1,580
03/2019 വരെയുള്ള സർവ്വീസ് ടാക്സിന്റെ പലിശ	545
ജി.എസ്. റ്റി.	15,183
ആകെ	**1,23,848**

കടമുറി നമ്പർ ജി 10 (സാഫല്യം)	തുക
04/2017 മുതൽ 03/2019 വരെയുള്ള വാടക	2,00,136
03/2019 വരെയുള്ള പലിശ	25,017
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	3,753
03/2019 വരെയുള്ള സർവ്വീസ് ടാക്സിന്റെ പലിശ	1,295
ജി.എസ്. റ്റി.	31,521
ആകെ	**2,61,722**

കടമുറി നമ്പർ ജി 19 (സാഫല്യം)	തുക
11/2016 -ലെ വാടകയുടെ ബാക്കിതുക	17,983
12/2016 മുതൽ 03/2019 വരെയുള്ള വാടക	7,77,807
03/2019 വരെയുള്ള പലിശ	1,15,003
06/2017 വരെയുള്ള സർവ്വീസ് ടാക്സ്	29,035
03/2019 വരെയുള്ള സർവ്വീസ് ടാക്സിന്റെ പലിശ	11,050
ജി.എസ്. റ്റി.	1,08,401
ആകെ	**10,59,279**

നോട്ടീസ് ചാർജ്ജ് 300 രൂപ ഉൾപ്പെടെ കൺസ്യൂമർ ഹെഡിന്റെ ആകെ കുടിശ്ശിക 52,69,926 രൂപയാണ്. കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

[(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.1(6)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

62. കേദാരം ഷോപ്പിംഗ് കോംപ്ലക്സിലും സാഫല്യം ഷോപ്പിംഗ് കോംപ്ലക്സിലുമായി ഏഴ് കടമുറികളുണ്ടായിരുന്നതിൽ മൂന്നെണ്ണമൊഴികെ ബാക്കിയുള്ളവ ഒഴിഞ്ഞുപോയതായി ട്രിഡ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

63. കരാറുകാർ കടമുറികൾ ഒഴിഞ്ഞ് പോകുന്നതിന്റെ കാരണമെന്താണെന്ന സമിതിയുടെ ചോദ്യത്തിന് പ്രവർത്തനം ലാഭകരമല്ലാത്തതിനാൽ വാടക അടയ്ക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ഒഴിഞ്ഞുപോകുന്നതെന്ന് ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

64. ഒഴിഞ്ഞുപോകുന്ന മുറികൾ വീണ്ടും വാടകയ്ക്ക് കൊടുക്കാറുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് കേദാരത്തിലെ മുറികൾ ഗോഡൗണായി പ്രവർത്തിക്കുന്നതിനാൽ അവ വാടകയ്ക്ക് കൊടുത്തിട്ടില്ലെന്നും ഗോഡൗണുകൾക്ക് ആവശ്യക്കാർ കുറവാണെന്നും സാഫല്യത്തിലെ മറ്റുമുറികളെല്ലാം വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

65. ട്രിഡ കോംപ്ലക്സിലെ ഷോപ്പുകളിൽ നിന്നും വാടകക്കരാർ പുതുക്കാത്തവരെ ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, നിലവിൽ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൺസ്യൂമർ ഫെഡിന്റെ ബാക്കി മൂന്ന് കടമുറികൾ ഒഴിപ്പിക്കുന്ന കാര്യമാണ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും 2020-ൽ 91,90,813 രൂപ വാടക അടയ്ക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 70 ലക്ഷം രൂപ കൺസ്യൂമർ ഫെഡ് അടച്ചിരുന്നുവെന്നും ബാക്കി കുടിശ്ശികയാണ് ഭീമമായ തുകയായി മാറിയതെന്നും ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

66. എവിക്ഷൻ നോട്ടീസ് നൽകിയോയെന്ന സമിതിയുടെ ചോദ്യത്തിന് എവിക്ഷന് നോട്ടീസ് കൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രൈവറ്റ് പാർട്ടിയുൾപ്പെടെയുള്ളവർ കുറച്ച് തുക അടയ്ക്കുമ്പോൾ ചെയർമാൻതന്നെ കുറച്ച് സമയംകൂടി ദീർഘിപ്പിച്ചുനൽകുമെന്നും സത്വരമായി ഒഴിപ്പിക്കാറില്ലെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

67. ട്രിഡയ്ക്ക് പ്രസ്തുത വിഷയത്തിൽ സ്വീകരിക്കാവുന്ന നിയമനടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങളും ശിപാർശകളും

68. സാഫല്യം, കേദാരം ഷോപ്പിംഗ് കോംപ്ലക്സുകളിലെ കൺസ്യൂമർ ഫെഡിന്റെ വിവിധ ഓഫീസുകൾ പ്രവർത്തിച്ചിരുന്ന കടമുറികളുടെ വാടക/കുടിശ്ശിക ഈടാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ട്രിഡ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വാടക കുടിശ്ശിക വർദ്ധിക്കുന്നു

കഴിഞ്ഞ 5 വർഷത്തെ വാടകയുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ കുടിശ്ശിക ഇനത്തിൽ ട്രിഡയ്ക്ക് ലഭിക്കാനുള്ള തുക ഗണ്യമായി വർദ്ധിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വർഷം	കുടിശ്ശിക തുക
1	2014-15	1,27,41,111
2	2015-16	1,21,09,033
3	2016-17	1,83,21,807
4	2017-18	1,94,87,577
5	2018-19	2,02,64,472

കൂടാതെ വാടക ഡിമാന്റ് ചെയ്യുന്നതിന് ആനുപാതികമായി വരവ് വർദ്ധിക്കുന്നില്ല.

ക്രമ നമ്പർ	വർഷം	ഡിമാന്റ് ചെയ്ത തുക	പിരിച്ചെടുത്ത തുക	ശതമാനം
1	2014-15	3,59,47,304	2,41,10,548	67.07
2	2015-16	3,92,63,276	2,79,03,643	71.06
3	2016-17	5,34,15,592	3,50,93,785	65.70
4	2017-18	4,97,93,932	3,03,06,355	60.86
5	2018-19	5,34,00,199	3,31,35,727	62.05

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3.2.1(7))

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് രണ്ടുവർഷത്തിനുള്ളിൽ 21 പേർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ട്രിഡ സെക്രട്ടറി മറുപടി നൽകി.

70. ട്രിഡയിലുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്നും അവർ കൃത്യമായി വാടക അടയ്ക്കാറുണ്ടോയെന്നും സമിതി തുടർന്ന് ആരാഞ്ഞതിന് റീഹാബിലിറ്റേഷൻ കേസുകളിൽ ലഭിക്കുന്ന വാടക വളരെ കുറവായിരിക്കുമെന്നും മാർക്കറ്റ് റേറ്റിൽ കൊടുക്കുന്നതിന്റെ നാലിലൊന്ന് തുക പോലും റീഹാബിലിറ്റേഷനായി നൽകുന്ന മുറികൾക്ക് വാടക കിട്ടാറില്ലെന്നുമാത്രമല്ല മെയിന്റനൻസ് കോസ്റ്റ് പോലും ലഭിക്കാത്ത സാഹചര്യമുണ്ടെന്നും കേദാരം കോംപ്ലക്സിന്റെ റണ്ണിംഗ് കോസ്റ്റും കിട്ടുന്ന റേറ്റും പരിശോധിച്ചാൽ അത് നഷ്ടത്തിലാണെന്ന് മനസ്സിലാക്കാമെന്നും സാഫല്യം കോംപ്ലക്സ് മാത്രമാണ് കുറച്ചെങ്കിലും ലാഭത്തിൽ പ്രവർത്തിക്കുന്നതെന്നും ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

71. നിലവിൽ വളരെ കുറച്ച് റീഹാബിലിറ്റേഷൻ മാത്രമാണുള്ളതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ സാഫല്യം കോംപ്ലക്സിൽ റീഹാബിലിറ്റേഷൻ വളരെ കൂടുതലാണെന്നും സി ബ്ലോക്ക് മുഴുവൻ റീഹാബിലിറ്റേഷനാണെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

72. കുടിശ്ശികയിനത്തിൽ കോടിക്കണക്കിന് തുകയാണ് ലഭിക്കാനുള്ളതെന്ന് തദവസരത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കുടിശ്ശിക ലഭിക്കാനുള്ളവരിൽ പ്രൈവറ്റ് പാർട്ടി ഉൾപ്പെട്ടിട്ടുണ്ടോയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് പ്രൈവറ്റ് പാർട്ടിക്ക് കുടിശ്ശിക തുക കുറവാണെന്ന് ട്രിഡ സെക്രട്ടറി മറുപടി നൽകി.

73. കോവിഡ് സമയത്ത് ഇളവ് നൽകിയിരുന്നില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് കുറച്ച് ഇളവ് നൽകിയെങ്കിലും പിഴ വരുത്തിയ നിരവധി പേരുണ്ടായിരുന്നുവെന്നും നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ മൂന്ന് മാസത്തെ തുക അടയ്ക്കുമ്പോൾ കുറച്ച് മാസത്തെ ഇളവ് നൽകണമെന്ന് ചെയർമാൻതന്നെ ഫയലിൽ എഴുതാറുണ്ടെന്നും അത്തരം കേസുകൾ വിരളമാണെന്നും ട്രിഡ സെക്രട്ടറി ബോധിപ്പിച്ചു.

74. പ്രസ്തുത ഓഡിറ്റ് പരാമർശം നിലനിൽക്കുമെന്ന് സമിതി വ്യക്തമാക്കി. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

75. ട്രിഡയ്ക്ക് ലഭിക്കുവാനുള്ള വാടക കുടിശ്ശികയിലെ വർദ്ധനവ് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ട്രിഡ അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാർ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

പാളയം എ. ബ്ലോക്ക് നിർമ്മാണം സ്മാർട്ട് സിറ്റി ഏറ്റെടുത്തു. ഹിന്ദുസ്ഥാൻ പ്രീ ഫാബിന് അനുവദിച്ച 10 കോടി രൂപ തിരികെ അടപ്പിക്കണം

[ട്രിഡ ഓഡിറ്റ് റിപ്പോർട്ട്, 2018-19-ഖണ്ഡിക 3-4]

പാളയം എ. ബ്ലോക്ക് നിർമ്മാണത്തിനായി കൺസൾട്ടൻസിയായ ഹിന്ദുസ്ഥാൻ പ്രീ ഫാബിന് ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപ പ്രസ്തുത ആവശ്യത്തിനായി ഹിന്ദുസ്ഥാൻ പ്രീ ഫാബ് ആരംഭിച്ച പ്രത്യേക അക്കൗണ്ടിൽ ട്രിഡ നിക്ഷേപിച്ചിട്ടുണ്ട്. പാളയത്ത് ട്രിഡ ഭൂമിയിൽ 2 നില ബേസ്മെന്റ് പാർക്കിംഗ് ഉൾപ്പെടെ 9 നിലകളിൽ ആദ്യ 2 നിലകൾ പുനരധിവാസത്തിനും ബാക്കി നിലകൾ വാണിജ്യ, ഓഫീസ് ആവശ്യത്തിനും 21 കോടി രൂപ അടങ്കലിൽ രൂപം നൽകിയ പാളയം എ. ബ്ലോക്ക്-പദ്ധതിക്ക് ജി.ഒ. (ആർ.ടി.)നം. 3286/15/എൽ.എസ്.ജി.ഡി. തീയതി 9-11-2015 പ്രകാരം ഭരണാനുമതി ലഭിക്കുകയും 2 വർഷം നിർമ്മാണ കാലാവധിയോടെ ജി.ഒ. (ആർ.ടി) നം. 535/2017/ത.സ്വ.ഭ.വ. 23-2-2017 പ്രകാരം 5 കോടി രൂപ അനുവദിക്കുകയും ചെയ്തെങ്കിലും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി നിർമ്മാണവുമായി മുമ്പോട്ട് പോകുവാനോ സമയക്രമം പാലിക്കുന്നതിനോ ട്രിഡയ്ക്ക് കഴിഞ്ഞില്ല.

20-8-2019-ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാന പ്രകാരം സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് തയ്യാറാക്കിയ പ്രൊപ്പോസൽ ട്രിഡ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചു. എ ബ്ലോക്കിനുള്ള വസ്തുവിൽ മൾട്ടി ലെവൽ കാർ പാർക്കിംഗ് ഏർപ്പെടുത്തുവാൻ നിർദ്ദേശം ഉണ്ടായി. പ്രസ്തുത വിവരം എച്ച്.പി.എൽ.-നെ അറിയിക്കുന്നത് 14-10-2019- നാണ്. എന്നാൽ 20-8-2019-നും 14-10-2019-നും മദ്ധ്യേ ഫൈനൽ സ്ട്രക്ചറൽ ഡ്രോയിംഗ് ടെസ്റ്റ് പൈൽ, ലോഡ് ടെസ്റ്റ് എന്നിവ ഹിന്ദുസ്ഥാൻ പ്രീഫാബ് പൂർത്തിയാക്കി. ബഹു. മന്ത്രിയുൾപ്പെട്ട മീറ്റിംഗിൽ എ.ബ്ലോക്കിലെ വസ്തുവിൽ സ്മാർട്ട് സിറ്റി മുഖേന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനം

ഉണ്ടായ ശേഷം പണി നിർത്തി വയ്ക്കുന്നതിനുള്ള നിർദ്ദേശം രണ്ട് മാസം വൈകി. ഇത് വരെ നിർവ്വഹിച്ച പ്രവൃത്തികളുടെ ബിൽ തുകയായി 35,00,000 രൂപയുടെ ബില്ലുകൾ എച്ച്.പി.എൽ. ട്രിഡയിൽ നിന്നും അംഗീകാരത്തിന് സമർപ്പിച്ചിരിക്കുന്നു. മേൽസൂചിപ്പിച്ച സാഹചര്യത്തിൽ എച്ച്.പി.എൽ.-ന് അർഹമായ യഥാർത്ഥ തുക വിലയിരുത്തുവാനും അത് മാത്രം അനുവദിച്ച് കൊണ്ട് ബാക്കി തുക അടിയന്തരമായി ട്രിഡയിൽ തിരിച്ചടപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

76. ഹിന്ദുസ്ഥാൻ പ്രീഫാബിന് അനുവദിച്ച 10 കോടി രൂപ തിരികെ അടപ്പിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരം 10 കോടി രൂപ ഉപയോഗിച്ച് ചാലയിലെ സൗഭാഗ്യ കോംപ്ലക്സിന്റെ മുകളിൽ രണ്ടുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണമെന്ന കത്ത് സർക്കാരിന് നൽകിയിട്ടുണ്ടെന്ന് ട്രിഡ സെക്രട്ടറി അറിയിച്ചു.

77. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായമെന്താണെന്ന് സമിതി ആരാഞ്ഞതിന് 16-8-2023-ൽ വകുപ്പിലെത്തിയ ഫയൽ പരിശോധനയിലാണെന്നും ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തിന് കൊടുക്കാനുള്ള 51,33,667 രൂപയ്ക്ക് പകരം സർക്കാരിന്റെ 10 കോടി രൂപ അവിടെ പാർക്ക് ചെയ്തിരിക്കുകയാണെന്നും ആയത് ഗുരുതരമായ വീഴ്ചയാണെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

78. ധനകാര്യ വകുപ്പിന്റെ നിരീക്ഷണം സംബന്ധിച്ച് ട്രിഡയുടെ നിലപാട് സമിതി ആരാഞ്ഞു. ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വരുന്നതിനുമുമ്പ്, 2016 മാർച്ച് അവസാനം സർക്കാർ അനുവദിച്ചതാണ് ടി തുകയെന്നും ചെലവഴിക്കാനായി സർക്കാർ ഉത്തരവോടുകൂടിയാണ് എച്ച്.പി.എൽ.-ന് തുക ട്രാൻസ്ഫർ ചെയ്തതെന്നും അന്ന് നിർമ്മാണത്തിനുദ്ദേശിച്ചിരുന്ന സ്ഥലം പിന്നീട് സ്മാർട്ട് സിറ്റി പദ്ധതിക്കായി ഏറ്റെടുക്കുകയും തുടർന്ന് ടി പദ്ധതി ഉപേക്ഷിക്കുകയും ചെയ്തുവെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത തുക തിരികെ അടയ്ക്കുന്നതിനുമുമ്പ് വിനിയോഗിക്കുന്നതിന് അനുമതി കിട്ടിയാൽ ട്രിഡയുടെ തന്നെ ഒരു കെട്ടിടം നിർമ്മിക്കാമെന്നാണ് കമ്മിറ്റി തീരുമാനിച്ചതെന്നും സർക്കാർ തീരുമാനമനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാണെന്നും ട്രിഡ സെക്രട്ടറി ബോധിപ്പിച്ചു.

79. പ്രസ്തുത സ്ഥലം സ്മാർട്ട് സിറ്റിക്കുവേണ്ടി ഏറ്റെടുക്കുമോയെന്ന് സമിതി ആരാഞ്ഞതിന് ചാലയിലുള്ള സ്ഥലമാണ് നിലവിൽ ആവശ്യപ്പെട്ടിരിക്കുന്നതെന്ന് ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

80. എച്ച്.പി.എൽ.-ൽ നിന്നും 10 കോടി രൂപ തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ധനകാര്യ വകുപ്പിൽ ലഭിച്ച പ്രൊപ്പോസലിൽ 10 കോടി രൂപ തിരിച്ചുപിടിക്കുന്നതുസംബന്ധിച്ച് യാതൊന്നും സൂചിപ്പിച്ചിട്ടില്ലെന്നും എച്ച്.പി.എൽ.-ന് 51,33,667 രൂപ കൊടുക്കുന്നത് സംബന്ധിച്ച് മാത്രമേ പരാമർശിച്ചിട്ടുള്ളൂവെന്നും സ്മാർട്ട് സിറ്റിക്കുവേണ്ടി പ്രസ്തുത സ്ഥലം ഏറ്റെടുത്തപ്പോൾ തുക തിരിച്ചുപിടിക്കാൻ ട്രിഡ എന്ത് നടപടി സ്വീകരിച്ചെന്ന് സൂചിപ്പിച്ചിട്ടില്ലെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു.

81. പ്രസ്തുത വിഷയം ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണെന്നല്ലേ അറിയിച്ചിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് 51,33,667 രൂപയുമായി ബന്ധപ്പെട്ട വിഷയം മാത്രമേ ധനകാര്യ വകുപ്പിന്റെ പരിശോധനയിലുള്ളൂവെന്നും 2016 മുതൽ എച്ച്.പി.എൽ.-ൽ (ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ്) പാർക്ക് ചെയ്തിരിക്കുന്ന 10 കോടി രൂപ സംബന്ധിച്ച് യാതൊരു പരിശോധനയുമില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശവും ആയത് സംബന്ധിച്ച നിരീക്ഷണവുമുണ്ടെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

82. പ്രസ്തുത തുകയ്ക്ക് പലിശ ലഭിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് കാനറാ ബാങ്കിൽ തുക ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണെന്ന് ട്രിഡ സെക്രട്ടറി മറുപടി നൽകി. 10 കോടി രൂപ തിരിച്ച് അടപ്പിക്കാനുള്ള നടപടി സ്വീകരിക്കാത്തതെന്താണെന്ന് സമിതി ആരാഞ്ഞതിന് 2016-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിന് 10 കോടി രൂപ അഡ്വാൻസായി നൽകിയതെന്നും ഫെബ്രുവരിയിൽ ഫണ്ട് നൽകി മാർച്ച് മാസത്തിനുമുമ്പ് തുക വിനിയോഗിക്കണമെന്ന് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 10 കോടി രൂപ എച്ച്.പി.എൽ.-ന് നൽകിയതെന്നും ടെണ്ടർ വിളിച്ചതും എച്ച്.പി.എൽ. തന്നെയാണെന്നും ട്രിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

83. 2019-ൽ കോർപ്പറേഷനിൽ നിന്നും അനുമതി ലഭിച്ചതിനുശേഷമാണ് എർത്ത് വർക്ക് എക്സ്കവേഷനും മറ്റ് ജോലികളും ആരംഭിച്ചതെന്നും എച്ച്.പി.എൽ.-ലുണ്ടായിരുന്ന 10 കോടി രൂപയ്ക്ക് രണ്ടരക്കോടി രൂപയോളം പലിശ വരുന്നുണ്ടെന്നും അതിന്റെ സ്റ്റേറ്റ്മെന്റ് എച്ച്.പി.എൽ. അയയ്ക്കുന്നുണ്ടെന്നും ഹൈദരാബാദിലുള്ള വൃദ്ധി കൺസ്ട്രക്ഷൻസ് എന്ന കൺസ്ട്രക്ഷൻ കമ്പനിക്കാണ് വർക്ക് നൽകിയതെന്നും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ യോഗത്തിൽ 20-8-2019-ൽ ഇത് സ്മാർട്ട് സിറ്റിക്ക് നൽകാനും ജോലി നിർത്തിവയ്ക്കാനും തീരുമാനിച്ചുവെന്നും അതിന്റെയടിസ്ഥാനത്തിൽ അറിയിപ്പ് നൽകിയപ്പോൾ വൃദ്ധി കൺസ്ട്രക്ഷൻസ് കമ്പനി

കേസിനുപോകുകയും സർക്കാർ ഏറ്റെടുത്ത് അതിന്റെ ചർച്ച നടത്തി അവർക്ക് നൽകേണ്ട കോമ്പൻസേഷൻ നൽകുകയും ചെയ്തുവെന്നും ടിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ കൂട്ടിച്ചേർത്തു. മുപ്പതിനായിരം രൂപയുടെ വർക്ക് മാത്രമേ ചെയ്തിട്ടുള്ളൂവെന്നും കോടതിയുടെ റിവ്യൂ അനുസരിച്ച് നഷ്ടപരിഹാരമായി ഏകദേശം 2 കോടിയോളം രൂപ സർക്കാരിന്റെ അനുമതിയോടുകൂടി പലിശയിൽ നിന്നും എച്ച്.പി.എൽ.-ന് കൊടുത്തുവെന്നും എച്ച്.പി.എൽ.-ൽ നിലവിലുള്ള ബാലൻസ് തുകയുടെ സ്റ്റേറ്റ്മെന്റ് നൽകുന്നുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടർ ബോധിപ്പിച്ചു. 10 കോടി രൂപയ്ക്ക് നിലവിൽ 1 കോടി രൂപയോളം പലിശ വരുന്നുണ്ടെന്നും അത് അവർ അടയ്ക്കാൻ തയ്യാറാണെന്നുള്ള കത്ത് വന്നിട്ടുണ്ടെന്നും പാളയം ഏരിയയുടെ വികസനത്തിനുവേണ്ടി ടിഡ ഒന്നര ഏക്കർ സ്ഥലം സൗജന്യമായി വിട്ടുനൽകിയിട്ടുണ്ടെന്നും ഒന്നര ഏക്കർ 15 കോടി രൂപയിൽ കൂടുതൽ ഫെയർവാല്യൂവുള്ള സ്ഥലമാണെന്നും ടിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി. ചാലയിൽ മൂന്ന് നില ബിൽഡിംഗ് നിലവിൽ പ്ലാൻ ഫണ്ടുപയോഗിച്ച് പണിതിട്ടുണ്ടെന്നും അതിന്റെ മുകളിൽ രണ്ട് നിലയ്ക്കും കൂടി ഫൗണ്ടേഷൻ ചെയ്യുന്നതിന് 10 കോടി രൂപ ആവശ്യമാണെന്നും HPL-ന് നൽകിയ 10 കോടി രൂപയും പാളയം ഏരിയയുടെ വികസനത്തിനുവേണ്ടിയുള്ള 10 കോടി രൂപയും ചാലയിലെ കെട്ടിട നിർമ്മാണത്തിന് നൽകുകയാണെങ്കിൽ അത് ചെയ്യാൻ സാധിക്കുമെന്ന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് കത്ത് അയച്ചിട്ടുണ്ടെന്നും ടിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

84. എച്ച്.പി.എൽ.-ന്റെ തുക എങ്ങനെ തിരിച്ചടയ്ക്കുമെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് തുക തിരിച്ച് നൽകാൻ എച്ച്.പി.എൽ. തയ്യാറാണെന്നും പ്രസ്തുത തുക വകമാറ്റി ചെലവാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ടിഡയെ അറിയിക്കണമെന്നും കാനറാ ബാങ്കിൽ കത്ത് നൽകുകയും മാനേജരെ കണ്ട് അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നും ടിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി. നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെ 10 കോടി രൂപ കൈമാറിയത് എങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് അന്നത്തെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2015-ലെ സർക്കാർ ഉത്തരവ് പ്രകാരം എഗ്രിമെന്റ് അനുസരിച്ച് നൽകിയതാണെന്ന് ടിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. നടപടിക്രമം പൂർത്തീകരിക്കാതെ തുക കൈമാറാൻ പാടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അഡ്വാൻസ് കൊടുക്കാൻവേണ്ടി കമ്മിറ്റി തീരുമാനിച്ച വിവരം സർക്കാരിനെ അറിയിക്കുകയും 10 കോടി രൂപ കൊടുക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭിക്കുകയും ചെയ്തുവെന്നും 35 കോടി രൂപയുടെ വർക്കിനായിരുന്നു എസ്റ്റിമേറ്റ് നൽകിയതെന്നും 10 കോടി രൂപ അഡ്വാൻസ് നൽകുകയും ചെയ്തുവെന്നും രണ്ടുവർഷം കൊണ്ട് പൂർത്തീകരിക്കുമെന്നുമാണ് അറിയിച്ചിരുന്നതെന്നും ടെണ്ടർ വിളിച്ചത് കേസാകുകയും അതിനുശേഷം കോടതി വിധി വരുന്നതിന് ഏതാനും മാസങ്ങളെടുക്കുകയും അങ്ങനെ കാലതാമസം നേരിടുകയും ചെയ്തുവെന്നും കൂടാതെ പ്ലാൻ

സാംങ്ഷൻ ചെയ്തുവരുന്നതിനും സമയമെടുത്തുവെന്നും അതിനുള്ളിൽ ചെറിയൊരു റെസിഡൻഷ്യൽ ഏരിയ ഉണ്ടായിരുന്നതായും സി.റ്റി.പി.-യുടെ അനുമതി ലഭിച്ചതിനു ശേഷം കൊമേഴ്സ്യലാക്കി മാറ്റേണ്ടതുണ്ടായിരുന്നുവെന്നും ട്രിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

85. പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക 21 കോടി രൂപയായിരുന്നോയെന്ന് സമിതി ആരാഞ്ഞതിന് ആദ്യ എസ്റ്റിമേറ്റ് 31 കോടി രൂപ ആയിരുന്നുവെന്നും ട്രിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

86. 51,33,667 രൂപ എച്ച്.പി.എൽ.-ന് കൊടുക്കുന്ന വിഷയമാണുള്ളതെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി നിരീക്ഷിച്ചപ്പോൾ ധനകാര്യ വകുപ്പിൽ ഒരു പ്രൊപ്പോസൽ മാത്രമേയുള്ളൂവെന്നും 10 കോടി രൂപയുടെ കാര്യം കത്തിൽ പറയുന്നില്ലെന്നും അർഹമായ കൺസൾട്ടൻസി ഫീസായി 51,33,667 രൂപ കണക്കാക്കണമെന്നാണ് അവസാന വാചകത്തിൽ പറയുന്നതെന്നും അതിനുവേണ്ടിയുള്ള തീരുമാനത്തിനാണ് ധനകാര്യ വകുപ്പിന് ഫയൽ കൈമാറിയിട്ടുള്ളതെന്നും 2019-ൽ സ്മാർട്ട് സിറ്റി ഏറ്റെടുത്തതായും 2019 മുതൽ 2023 വരെ തുക റീക്ലപ്പ് ചെയ്യുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തുകയോ കത്ത് അയയ്ക്കുകയോ ട്രിഡ ചെയ്തിട്ടില്ലെന്നും ആയത് സാമ്പത്തിക അച്ചടക്കത്തിന് തികച്ചും എതിരാണെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി.

87. എച്ച്.പി.എൽ.-ഉം ട്രിഡയും തമ്മിൽ ബൈലാറ്ററൽ എഗ്രിമെന്റാണ് വച്ചതെന്നും എച്ച്.പി.എൽ.-മായി കത്തിടപാടുകൾ നടക്കുന്നുണ്ടെന്നും പ്രസ്തുത വിഷയം വന്നപ്പോഴാണ് ധനകാര്യ വകുപ്പിൽ അറിയിച്ചതെന്നും 10 കോടി രൂപ എന്തുചെയ്യണമെന്ന് ആരാഞ്ഞാണ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന് കത്ത് നൽകിയതെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

88. ട്രിഡ ആവശ്യമായ നടപടിയെടുത്തില്ലെന്നാണ് ധനകാര്യ വകുപ്പിന്റെ നിലപാടെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തി. എച്ച്.പി.എൽ-ന്റെ കൈവശമുള്ള 10 കോടി രൂപ തിരികെ പിടിക്കുന്നതിന്റെ ഭാഗമായിട്ടാണ് കൺസൾട്ടൻസി ചാർജ്ജ് തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുന്നതെന്നും ആ ഭാഗം പൂർണ്ണമായും ഒഴിവാക്കിയതെന്താണെന്നും സമിതി ആരാഞ്ഞതിന് തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ച കത്തിൽ എല്ലാ കാര്യങ്ങളും വിശദമായി പറയുന്നുണ്ടെന്ന് സെക്രട്ടറി ട്രിഡ ബോധിപ്പിച്ചു.

89. 10 കോടി രൂപ റീക്ലപ്പ് ചെയ്യാൻവേണ്ടി 51 ലക്ഷം രൂപയുടെ കൺസൾട്ടൻസി ചാർജ്ജ് കൊടുത്ത് തുക തിരികെ പിടിക്കുകയെന്നുള്ളതാണ് ലക്ഷ്യമിടേണ്ടതെന്ന് സമിതി സൂചിപ്പിച്ചു. 10 കോടി രൂപ ചാലയിലെ സൗഭാഗ്യ ബിൽഡിംഗിന് വിനിയോഗിക്കാൻ

അനുമതി നൽകുകയോ അല്ലാതെ തിരികെ അടയ്ക്കണമെങ്കിൽ അതിന്റെ ഹെഡ് ഓഫ് അക്കൗണ്ട് നൽകിയാൽ അങ്ങനെ ചെയ്യാമെന്നും ടിഡ സെക്രട്ടറി സമിതിയെ അറിയിച്ചു.

90. രണ്ട് വിഷയങ്ങളും സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രത്യേകം കത്ത് നൽകിയിട്ടുണ്ടെന്നും അതിൽ ഒരെണ്ണം മാത്രമേ ധനകാര്യ വകുപ്പിൽ കിട്ടിയിട്ടുള്ളുവെന്നും പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ കത്ത് അവിടെ ലഭിച്ചിട്ടില്ലെന്നും ടിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ വ്യക്തമാക്കി.

91. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രൊപ്പോസലിൽ 51 ലക്ഷം രൂപ കൺസൾട്ടൻസി ചാർജ്ജ് കൊടുക്കണമെന്നല്ലാതെ മറ്റൊന്നും പരാമർശിക്കുന്നില്ലെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, എച്ച്.പി.എൽ-ന് നിരവധി തവണ കത്ത് നൽകിയിട്ടുണ്ടെന്ന് ടിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

92. 51 ലക്ഷം രൂപ കൺസൾട്ടൻസി ഫീസ് നൽകി ഒഴിവാക്കി 10 കോടി രൂപ തിരികെ പിടിക്കണമെന്ന വിഷയം ധനകാര്യ വകുപ്പിനെ അറിയിക്കേണ്ട ഉത്തരവാദിത്വം ടിഡയ്ക്കുണ്ടെന്നും കൺസൾട്ടൻസി ഫീസ് അടയ്ക്കുന്ന കാര്യം മാത്രം ധനകാര്യ വകുപ്പിനെ അറിയിച്ചത് ശരിയായ നടപടിയല്ലെന്നും സമിതി വിലയിരുത്തി.

93. തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ കത്തിൽ പ്രസ്തുത വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ടെന്ന് ടിഡ സെക്രട്ടറി ബോധിപ്പിച്ചു. 51 ലക്ഷം രൂപയ്ക്ക് ധനകാര്യ വകുപ്പ് അനുവാദം കൊടുത്താൽ 10 കോടി രൂപ അവരുടെ കൈവശമുണ്ടാകുമെന്നും വേറൊരു 51 ലക്ഷം രൂപ കൂടി അവർക്ക് കൊടുക്കാമെന്നുള്ളതല്ലാതെ ഒരു കാര്യവുമില്ലെന്നും 10 കോടി രൂപയുടെ കാര്യം പറയാതെ 51 ലക്ഷം രൂപ അഡ്ജസ്റ്റ് ചെയ്യാൻ കഴിയില്ലെന്നും ടിഡ സ്വീകരിച്ചത് തെറ്റായ നടപടിക്രമമാണെന്നും സമിതി നിരീക്ഷിച്ചു.

94. പ്രസ്തുത വിഷയം കൃത്യമായി ടിഡ തദ്ദേശസ്വയംഭരണ വകുപ്പിനയച്ച കത്തിൽ പരാമർശിച്ചിട്ടുണ്ടെന്നും കത്ത് ധനകാര്യ വകുപ്പിന് ലഭിച്ചിട്ടുണ്ടോയെന്നും സമിതി തുടർന്ന് അന്വേഷിച്ചതിന് പുതിയ ഫയൽ വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാമെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. 24-6-2022, 29-12-2022, 2-3-2023 എന്നീ തീയതികളിൽ ഇതേ വിഷയം സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്ന് തദവസരത്തിൽ ടിഡ സെക്രട്ടറി വ്യക്തമാക്കി.

95. 10 കോടി രൂപ റീക്ലപ്പ് ചെയ്യുന്നതിന് സർക്കാർ അനുമതി എന്തിനാണെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ചോദ്യത്തിന് ടിഡയുടെ പേരിലുള്ള തുകയാണെങ്കിലും ടിഡയ്ക്ക് അതെടുക്കാൻ സാധിക്കില്ലെന്നും ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ട്രഷറി വഴി മാത്രമേ അടയ്ക്കാൻ കഴിയുകയുള്ളൂവെന്നും ടിഡയ്ക്ക് തുക ഉപയുക്തമാക്കാൻ സാധിച്ചാൽ അതെടുക്കാമെന്നും 2016-ലെ പ്ലാൻ ഫണ്ടാണെന്നും സർക്കാരിലേയ്ക്ക് അടയ്ക്കണമെന്നും ടിഡ സെക്രട്ടറി മറുപടി നൽകി.

96. ഹെഡ് ഓഫ് അക്കൗണ്ട് നൽകിയശേഷം എച്ച്.പി.എൽ.-നോട് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാനുള്ള നിർദ്ദേശം നൽകിയാൽ മതിയാകുമെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത തുക തിരികെ അടയ്ക്കാതെ ചാലയിലെ സൗഭാഗ്യ കോംപ്ലക്സിൽ ഉപയോഗിക്കാമെന്നാണ് കമ്മിറ്റിയിൽ തീരുമാനമെടുത്തതെന്നും സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കണമെന്ന് ധനകാര്യ വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചാൽ കമ്മിറ്റിയിൽ വച്ചശേഷം പ്രസ്തുത തുക തിരികെ അടയ്ക്കാമെന്നും ട്രിഡയുടെ ചെയർമാൻ ധനകാര്യ വകുപ്പുമന്ത്രിയെ നേരിട്ട് കാണുകയും ചെയ്ത വിഷയമാണിതെന്നും ട്രിഡ സെക്രട്ടറി അറിയിച്ചു.

97. 10 കോടി രൂപ 4 വർഷമായി വിനിയോഗിക്കാതെ കിടക്കുകയാണെന്നും ആയതിന്റെ പലിശ ലഭ്യമാകുമോയെന്നും സമിതി ആരാഞ്ഞതിന് പലിശയടക്കം 11 കോടിയോളം വരുമെന്ന് ട്രിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ബോധിപ്പിച്ചു. കൺസൾട്ടൻസിക്ക് 51 ലക്ഷം രൂപ കൊടുക്കണമെന്നുള്ളത് ട്രിഡയ്ക്ക് തീരുമാനിക്കാൻ സാധിക്കില്ലേയെന്ന നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറിയുടെ ചോദ്യത്തിന് പദ്ധതി തന്നെ നിഷ്ഫലമായി പോകുകയാണ് ചെയ്തതെന്നും പദ്ധതി നടപ്പിലാകാതെ അതുസംബന്ധിച്ച് തീരുമാനമെടുത്താൽ വീണ്ടുമൊരു ഓഡിറ്റ് ഒബ്ജക്ഷന് വഴിയൊരുക്കുമെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

98. 1 കോടി 21 ലക്ഷം രൂപയാണ് ആവശ്യപ്പെടുന്നതെന്നും മൊത്തം എസ്റ്റിമേറ്റ് തുകയുടെ കരാർ പ്രകാരമുള്ള 5% തുകയുടെ 65% ആണ് 1 കോടി രൂപ വരുന്നതെന്നും ഫിനാൻസിൽ പരിശോധിച്ച് കോർപ്പറേഷൻ പ്ലാൻ സാംഗ്ഷൻ ചെയ്തപ്പോൾ 13,085.92 ചതുരശ്ര മീറ്ററിന് ആനുപാതികമായ എസ്റ്റിമേറ്റ് തുക ഏകദേശം 20 കോടി രൂപ വരുന്നുണ്ടെന്നും ട്രിഡ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. പ്രസ്തുത നടപടിയ്ക്ക് സർക്കാരിന്റെ അംഗീകാരം വേണമെന്നും ജി.ഒ.(പി) 67/2021 പ്രകാരം Project Management Consultant (PMC)-ന്റെ ചാർജ്ജസിനെക്കുറിച്ച് സർക്കാർ ഉത്തരവുണ്ടെന്നും അതിന് ധനകാര്യ വകുപ്പിന്റെ ആഭ്യന്തര പരിശോധനയുടെ ആവശ്യമുള്ളതാണെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി.

99. കൺസൾട്ടൻസി ഫീസ് കൊടുക്കണ്ടേയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് കൺസൾട്ടൻസി ഫീസ് കൊടുക്കുന്നത് സംബന്ധിച്ച് ഉത്തരവ് കൊടുക്കാമെന്നും പ്രസ്തുത വിഷയം ഒന്നുകൂടി പരിശോധിക്കണമെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചു. കൺസൾട്ടൻസി ഫീസ് നൽകുന്നത് സംബന്ധിച്ച് അടിയന്തരമായി പരിശോധിക്കണമെന്നും ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ധനകാര്യ വകുപ്പും പരിശോധിച്ച് തീരുമാനമെടുത്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

100. എച്ച്.പി.എൽ.-ന് കൺസൾട്ടൻസി ഫീസ് നൽകുന്നത് സംബന്ധിച്ച് അടിയന്തരമായി പരിശോധിക്കണമെന്നും പാളയം എ. ബ്ലോക്ക് നിർമ്മാണത്തിന് ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപ ഹിന്ദുസ്ഥാൻ പ്രീഫാബിൽ നിന്ന് തിരികെപിടിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ധനകാര്യ വകുപ്പും പരിശോധിച്ച് തീരുമാനമെടുത്ത് റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കരമന നദീ സംരക്ഷണ പദ്ധതി പൈലറ്റ് പ്രോജക്ടുകൾ പൂർത്തീകരിക്കുവാൻ നടപടി വേണം

[ടിഡ ഓഡിറ്റ് റിപ്പോർട്ട്, 2018-19- ഖണ്ഡിക 3-5.3]

കരമന നദിയിലെ മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തിനായി കരമന നദീ ശാസ്ത്രീയ പരിപാലന പദ്ധതിയുടെ പൈലറ്റ് പ്രോജക്ടിനായി സർക്കാർ 5 കോടി രൂപ വകയിരുത്തുകയും ജി.ഒ. (ആർ. ടി.)നമ്പർ 46/2013/എസ്.&റ്റി.ഡി. തീയതി 5-7-2013 പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് മറ്റ് ചില പദ്ധതികൾക്ക് കൂടി G. O. (MS) NO.81/2014/S&TD dtd. 18-9-2014 പ്രകാരം ഭരണാനുമതി ലഭിച്ചു. കരമന നദിയുടെ ശാസ്ത്രീയ പരിപാലനത്തിനുള്ള സമഗ്ര കർമ്മ പദ്ധതിയാണ് ഇത് കൊണ്ട് ലക്ഷ്യം വച്ചത്.

ടിഡ, ബയോഡൈവേഴ്സിറ്റി ബോർഡ്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, റവന്യൂ, പരിസ്ഥിതി വകുപ്പുകൾ, തിരുവനന്തപുരം നഗരസഭ, സമീപ ഗ്രാമപഞ്ചായത്തുകൾ, പരിസ്ഥിതി വിദഗ്ദ്ധർ, എം.പി.-മാർ, എം.എൽ.എ.-മാർ, കൗൺസിലർമാർ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് കൊണ്ട് ശാസ്ത്ര സാങ്കേതിക വകുപ്പ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തത്. പദ്ധതിക്കുള്ള പണം സർക്കാർ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് നേരിട്ട് നൽകുകയും കൗൺസിൽ ആവശ്യാനുസരണം ടിഡയ്ക്ക് നൽകുകയും ചെയ്യുന്നു. പദ്ധതിച്ചെലവിന്റെ 5% തുക സെന്റേജ് ചാർജ്ജിനത്തിൽ പരിസ്ഥിതി കൗൺസിലിൽ നിന്നും ടിഡയ്ക്ക് ലഭിക്കുന്നു.

ടിഡ മറ്റ് ഏജൻസികളെ കോർത്തിണക്കുകയും ഈ ദൗത്യത്തിൽ നിർവ്വഹണ ഏജൻസികൾ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (സ്പെസിഫിക്കേഷൻസ്, സ്കെച്ചുകൾ, സ്കെയിൽഡ് ഡ്രായിംഗുകൾ, ബാധകമായിട്ടുള്ള ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റുകൾ) തയ്യാറാക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലാണ്. പ്രവൃത്തികളുടെ പുരോഗതി മോണിറ്റർ ചെയ്യുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, ബില്ലുകളിന്മേൽ പേയ്മെന്റ് അനുവദിക്കുക എന്നിവ ധാരണാപത്രം പ്രകാരം ടിഡിയുടെ ചുമതലകളാണ്.

കരമന നദീ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത പദ്ധതിയിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കുവാനോ, പൂർത്തീകരിക്കുവാനോ കഴിയാത്ത പദ്ധതികളുടെ വിശദാംശങ്ങളും നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടും ചുവടെ നൽകുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഭരണാനുമതി	സാങ്കേതികാനുമതി	നിർവ്വഹണ ഏജൻസി	അടങ്കൽ	ചെലവ്	നിലവിലെ സ്ഥിതി
(1)	(2)	(3)	(4)	(5)	(6)	(7)	(8)
1	ബയോ ഡൈവേഴ്സിറ്റി പാർക്കും കരമന പാലത്തിന് സമീപം നദീ സംരക്ഷണവും	GO(MS)No. 81/2014/ S&TD Dated 18-9-2014	TS No.-KRSM/T-07/2014-15/KSCSTdt. 28-3-2015	ഇറിഗേഷൻ വകുപ്പ്	70,00,000	50,49,694	ബയോ ഡൈവേഴ്സിറ്റി പാർക്ക് നിർമ്മാണം ആരംഭിച്ചിട്ടില്ല
2	തിരുവല്ലം തോടിന് ഇരുവശവും ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് നിർമ്മാണം	GO(MS) No.1/2016/ TD Dated 16-2-2016	TS No.-KRSM/T-4/2015-16/KSCST dt.(no date)	ഇറിഗേഷൻ വകുപ്പ്	55,00,000	27,87,519	പ്രവൃത്തി പൂർത്തിയായില്ല. ഫണ്ട് ലഭ്യമാക്കുവാൻ നടപടിയില്ല

(1)	(2)	(3)	(4)	(5)	(6)	(7)	(8)
3	ബയോ ബയോ ഡൈ വേഴ്സിറ്റി പാർക്ക്, കരമന രണ്ടാം ഘട്ടം നടപ്പാത, ഗേറ്റ്, ഫെൻ സിംഗ്, ലൈറ്റിംഗ്	GO(MS) No.1/2016/ TD Dated 16-2-2016	TS No.- KRSM/T- 7/2015- 16/KSCST dt.24-2- 2016	ഇറിഗേ ഷൻ വകുപ്പ്	65,00,000	8,96,032	പ്രവൃത്തി പൂർത്തി യായില്ല.
4	തളിയിൽ പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപി ക്കൽ, കിണർ പുനരുദ്ധാ രണം, ഗ്രിറ്റ് ചേമ്പർ നിർമ്മാണം	GO(MS) No.1/2016/TD Dated 16-2-2016	TS No.- KRSM/T6/ 2015- 16/KSCST dt.24-2- 2016	കേരള വാട്ടർ അതോറിറ്റി (സിവറേജ് സെക്ഷൻ)	2,00,00,000		ആരും ടെണ്ടർ സമർപ്പി ക്കാത്ത തിനാൽ പ്രവൃത്തി ഉപേക്ഷിച്ചു.

(1)	(2)	(3)	(4)	(5)	(6)	(7)	(8)
5	ആറന്നൂർ സിവറേജ് പമ്പിംഗ് സ്റ്റേഷനിൽ സബ്മെർസിബിൾ പമ്പ് സെറ്റ് സ്ഥാപിക്കൽ, കിണർ ബലപ്പെടുത്തൽ തുടങ്ങിയവ	GO(MS) No.1/2016/TD Dated 16-2-2016	TS No.-KRSM/T-07/2015-16/KSCS Tdt. 24-2-2016	വാട്ടർ അതോറിറ്റി (സിവറേജ് സെക്ഷൻ)			ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ പ്രവൃത്തി ഉപേക്ഷിച്ചു.
6	തളിയിൽ പമ്പ് ഹൗസിൽ സിൽവർ ലൈൻ പുനരുദ്ധാരണം	GO(MS) No.1/2016/TD Dated 16-2-2016	TS No.-KRSM/T-05/2015-16/KSCS Tdt.24-2-2016	കേരള വാട്ടർ അതോറിറ്റി (സിവറേജ് സെക്ഷൻ)	96,00,000	96,00,000	ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ പ്രവൃത്തി ഉപേക്ഷിച്ചു.
7	കരമന നദിയിൽ കാലടിയിൽ ചെക്ക് ഡാം നിർമ്മാണം	GO(MS) No.1/2016/& TD Dated 16-2-2016	TS No.-KRSM/T-08/2015-16/KSCST dt. (Date not mentioned)	ഇറിഗേഷൻ വകുപ്പ്	65,00,000	22,41,551	പ്രവൃത്തി പൂർത്തിയായില്ല

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ഭരണാനുമതി	സാങ്കേതികാനുമതി	നിർവഹണ ഏജൻസി	അടങ്കൽ	ചെലവ്	നിലവിലെ സ്ഥിതി
(1)	(2)	(3)	(4)	(5)	(6)	(7)	(8)
1	തിരുവല്ലം തോടിലും ബലിക്കടവിലും ഗാബിയോൺ സംരക്ഷണ ഭിത്തിയും നെറ്റും സ്ഥാപിക്കൽ.	G.O.(MS) No.63/2017/&TD Dated 6-12-2017		ഇറിഗേഷൻ വകുപ്പ്	17,00,000		ടെണ്ടർ നടപടി പുരോഗമിക്കുന്നു.
2	കരമന നദിക്ക് ഇരുവശവും ഉള്ള ഫെൻസിംഗ് അഞ്ച് വർഷക്കാലം സംരക്ഷിക്കുന്നതിനും പെയിന്റ് ചെയ്യുന്നതിനുമുള്ള പദ്ധതി	G.O.(MS) No.63/2017/&TD Dated 6-12-2017		ഇറിഗേഷൻ വകുപ്പ്	10,00,000		പ്രവൃത്തി പൂർത്തിയായില്ല.
3	കരമന പാലം മുതൽ ആഴാങ്കൽ ജംഗ്ഷൻ വരെ ഇടത് വശത്ത് ബണ്ട് റോഡ് അറ്റകുറ്റപ്പണി			ഇറിഗേഷൻ വകുപ്പ്	1,20,00,000		പ്രവൃത്തി പൂർത്തിയായില്ല.

(1)	(2)	(3)	(4)	(5)	(6)	(7)	(8)
4	ബയോപാർക്ക് നിർമ്മാണവും കരമന എൻ.എച്ച്. റോഡിന് ഇടതു വശത്തുള്ള ബണ്ട് റോഡ് അറ്റകുറ്റപ്പണിയും			കെ.എസ്.ഇ.ബി	27,50,000		10-5-2017-ൽ ടെക്നിക്കൽ കമ്മിറ്റി യുടെ അനുമതി ലഭ്യമായി
5	ശ്രീദേവി നഗർ സിൽവർ ലൈൻ പുനരുദ്ധാരണം			കേരള വാട്ടർ അതോറിറ്റി (സിവറേജ് സെക്ഷൻ)	35,00,000		ആരും ടെണ്ടർ സമർപ്പി ക്കാത്ത തിനാൽ പ്രവൃത്തി ഉപേക്ഷിച്ചു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. കരമന നദീസംരക്ഷണ പദ്ധതിയുടെ നിർവ്വഹണ അതോറിറ്റിയായ സയൻസ് ആന്റ് ടെക്നോളജി വകുപ്പ് ഒരു പൈലറ്റ് പ്രോജക്ടായി കരമന നദീസംരക്ഷണ പദ്ധതി ഏറ്റെടുത്ത് നടത്തുകയാണെന്നും ഇതിൽ ട്രിഡ, ഇറിഗേഷൻ, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകൾ ഉൾപ്പെട്ടിട്ടുണ്ടെന്നും സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ അഡ്വൈസർ ഓഡിറ്റ് പരാമർശം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകുമെന്നും ട്രിഡ ചീഫ് എഞ്ചിനീയർ അറിയിച്ചു. ഫണ്ട് വരുമ്പോഴേയ്ക്കും ഓരോ ഡിപ്പാർട്ട്മെന്റും സമർപ്പിക്കുന്ന പ്രൊപ്പോസൽ അനുസരിച്ചാണ് അലോട്ട് ചെയ്യുന്നതെന്നും ഉദാഹരണത്തിന്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പണി ചെയ്തുകഴിഞ്ഞാൽ അതിന്റെ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ചീഫ് എഞ്ചിനീയറും ഡ്രോയിംഗ് ബ്രാഞ്ചും എല്ലാം കണ്ടശേഷം അപ്രൂവൽ നടത്തിയശേഷമാണ് ട്രിഡയിലേയ്ക്ക് ഫണ്ടിനുവേണ്ടി നൽകുന്നതെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ ബോധിപ്പിച്ചു.

102. ആദ്യം സയൻസ് ആൻഡ് ടെക്നോളജി വകുപ്പിൽ ഫണ്ട് വരികയും ആ ഫണ്ട് ട്രിഡയിൽ ഡെപ്പോസിറ്റ് ചെയ്യുകയും സയൻസ് ആൻഡ് ടെക്നോളജി വകുപ്പിലെ ടെക്നിക്കൽ കമ്മിറ്റി ഇത് ഇവാല്യുവേറ്റ് ചെയ്യുകയും ചെയ്യുമെന്നും ഇങ്ങനെ വർക്ക് ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ എല്ലാ അംഗങ്ങളും ഓരോ പദ്ധതിയും വിലയിരുത്തുകയും ഫൈനലായി ബിൽ വരുമ്പോൾ ബില്ല് പ്രകാരമുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ടോ എന്നുള്ളത് ചെയ്ത വകുപ്പ് അതത് സൈറ്റിൽ തന്നെ വിശദീകരിക്കുകയും ചെയ്യുമെന്നും പ്രവൃത്തികൾ ചെയ്തശേഷം ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച് ട്രിഡയിലേയ്ക്ക് അയയ്ക്കുമെന്നും ടെക്നിക്കൽ കമ്മിറ്റിയുടെ അപ്രൂവൽ കിട്ടിയശേഷം ട്രിഡയിൽ വെരിഫിക്കേഷൻ നടപടിയില്ലെന്നും തുടർന്ന് അക്കൗണ്ട് സെക്ഷന് ബിൽ പേമെന്റ് ചെയ്യുമെന്നും ട്രിഡ ചീഫ് എഞ്ചിനീയർ അറിയിച്ചു. ട്രിഡ നിർവ്വഹണ ഏജൻസിയല്ലെന്നും നോഡൽ ഏജൻസി മാത്രമാണെന്നും ടെക്നിക്കൽ കമ്മിറ്റിയിൽ മെമ്പറാണെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. പദ്ധതി മോണിറ്റർ ചെയ്യുന്നത് ആരാണെന്ന് സമിതി ആരാഞ്ഞതിന്, സയൻസ് ആന്റ് ടെക്നോളജി വകുപ്പും ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളുമാണ് മോണിറ്ററിംഗ് നടത്തുന്നതെന്നും അതിലൊരു മെമ്പർ ട്രിഡയാണെന്നും ട്രിഡ ചീഫ് എഞ്ചിനീയർ മറുപടി നൽകി.

103. പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് സമിതി ആരാഞ്ഞതിന് ബയോ ഡൈവേഴ്സിറ്റി പാർക്കും കരമന പാലത്തിന് സമീപം നദീ സംരക്ഷണം എന്ന പദ്ധതിയും പൂർത്തീകരിച്ചതിൽ 50,49,000 രൂപ ചെലവായതായും ഓഡിറ്റിന് ശേഷമുള്ള കാര്യങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ട്രിഡ ചീഫ് എഞ്ചിനീയർ ബോധിപ്പിച്ചു. ഓഡിറ്റ് ഒബ്ജക്ഷനുള്ള കേസ് പൂർത്തീകരിച്ചോ എന്നുള്ളതാണ് അറിയേണ്ടതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തദവസരത്തിൽ വ്യക്തമാക്കി.

104. ചില പദ്ധതികൾ മാത്രമേ പൂർത്തീകരിച്ചതായി കാണുന്നുള്ളൂവെന്നും ബാക്കിയുള്ളവ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിച്ചോയെന്നും സമിതി ആരാഞ്ഞതിന്, മിക്ക പ്രോജക്ടുകളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരു മോഡൽ പ്രോജക്ട് എന്ന രീതിയിൽ കരമന-കിള്ളി നദിയുടെ അവസാന ഭാഗത്ത് മോഡലായി ഏതാനും പ്രോജക്ടുകൾ ചെയ്യണമെന്നുള്ള പ്ലാനിംഗ് ബോർഡിന്റെ തീരുമാനപ്രകാരമാണ് KSCSTE ഏറ്റെടുത്തതെന്നും സാധാരണ നിലയിൽ ഇത്തരം വർക്കുകൾ ചെയ്യാറില്ലെന്നും സയൻസ് പ്രൊമോഷനായി പദ്ധതി മോഡലായി ചെയ്യണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുത്തതെന്നും തുടർന്ന് ട്രിഡ നിർവ്വഹണം ഏറ്റെടുത്തുവെന്നും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE) അഡ്വൈസർ ആൻഡ് ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ ഓഫ് കെ. ആർ. എസ്. എം. പ്രോജക്ട് സമിതിയെ അറിയിച്ചു. സർക്കാർ തന്നെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള ടെക്നിക്കൽ കമ്മിറ്റിയും ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുമൊക്കെ

രൂപീകരിച്ചിട്ടുള്ളതിനാൽ സർക്കാർ വകുപ്പുകൾ മാത്രമാണ് ഇതെല്ലാം ചെയ്യുന്നതെന്നും വർക്കുകൾ ചെയ്യുന്നത് സർക്കാർ ഡിപ്പാർട്ട്മെന്റ്, കോ-ഓർഡിനേഷൻ KSCSTE, ട്രിഡ എന്നിങ്ങനെയാണെന്നും ഒരു മോഡൽ എന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളാണ് അവിടെ ചെയ്തിട്ടുള്ളതെന്നും അഡ്വൈസർ ആൻഡ് ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ വ്യക്തമാക്കി.

105. എല്ലാ വർക്കുകളും പൂർത്തീകരിച്ചോയെന്ന് സമിതി ആരാഞ്ഞതിന്, പൂർത്തീകരിച്ചുവെന്ന് കോ-ഓർഡിനേറ്റർ ഓഫ് കെ. ആർ. എസ്. എം. പ്രോജക്ട് മറുപടി നൽകി. ട്രിഡയിൽ നിന്നും അറിയിച്ചത് എല്ലാ വർക്കും പൂർത്തിയായിട്ടില്ലെന്നാണെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 50 ലക്ഷം രൂപ ചെലവഴിച്ച് ബയോ ഡൈവേഴ്സിസിറ്റി പാർക്ക് കരമന പാലത്തിനുസമീപം പൂർത്തീകരിച്ചുവെന്നും 43 ലക്ഷം രൂപ ചെലവാക്കി തിരുവല്ലം തോടിന് ഇരുവശവും ടൈലിംഗ്, ഫെൻസിംഗ് നിർമ്മാണം എന്നിവ പൂർത്തീകരിച്ചുവെന്നും 52 ലക്ഷം രൂപ ചെലവാക്കി ബയോഡൈവേഴ്സിറ്റി പാർക്ക്, കരമന രണ്ടാംഘട്ടം നടപ്പാത, ഗേറ്റ്, ഫെൻസിംഗ്, ലൈറ്റിംഗ് എന്നിവ പൂർത്തീകരിച്ചുവെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

106. പൂർത്തീകരിക്കാത്തത് ഏതാണെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, തളിയിൽ പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ, കിണർ പുനരുദ്ധാരണം, ഗ്രിറ്റ് ചേമ്പർ നിർമ്മാണം എന്നിവയ്ക്ക് ടെണ്ടർ ലഭിക്കാത്തതിനാലും കെ.ആർ.എസ്.എം. (മാതൃക) പദ്ധതി നിർത്താൻ തീരുമാനിച്ചതിനാലും ഉപപദ്ധതി തുടങ്ങേണ്ടതില്ലെന്ന് തീരുമാനിച്ചുവെന്നും ഇത് പലവട്ടം ടെണ്ടർ ചെയ്തത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റാണെന്നും സയൻസ് ആന്റ് ടെക്നോളജി വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ 3 പ്രാവശ്യത്തിലധികം ആരും പങ്കെടുക്കാത്തതിനാൽ പദ്ധതി വേണ്ടെന്ന് തീരുമാനിച്ചുവെന്നും ട്രിഡ ചീഫ് എഞ്ചിനീയർ വിശദീകരിച്ചു. ഉപേക്ഷിച്ച പദ്ധതിയെ പൂർത്തീകരിക്കാത്ത പട്ടികയിൽ ഉൾപ്പെടുത്തേണ്ട കാര്യമുണ്ടോയെന്ന് സമിതി ആരാഞ്ഞു.

107. കേരള വാട്ടർ അതോറിറ്റി കരമന നദിയിൽ ഏതാനും പ്രോജക്ടുകൾ ചെയ്യണമെന്ന അടിസ്ഥാനത്തിൽ അവർക്ക് പണം അനുവദിക്കാനായി തീരുമാനിച്ചിരുന്നുവെങ്കിലും ആരും ടെണ്ടർ സമർപ്പിക്കാതിരുന്നതിനാൽ വേണ്ടെന്നുവച്ചുവെന്നും അങ്ങനെ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളുടെ 5 പ്രോജക്ടുകൾ വേണ്ടെന്ന് വച്ചതായും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അഡ്വൈസർ ആൻഡ് ചീഫ് പ്രോജക്ട് കോ-ഓഡിനേറ്റർ ഓഫ് കെ. ആർ. എസ്. എം. പ്രോജക്ട് വ്യക്തമാക്കി.

108. ആകെ 12 പദ്ധതികളുള്ളതിൽ 5 എണ്ണം വേണ്ടെന്ന് തീരുമാനിച്ചതിനാലും ഒരെണ്ണത്തിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചിട്ടില്ലാത്തതിനാലും പൂർത്തീകരിച്ചിട്ടില്ലെന്ന് ട്രിഡ ചീഫ് എഞ്ചിനീയർ വ്യക്തമാക്കി. ബന്ധപ്പെട്ട വകുപ്പുകളാണ് പദ്ധതികളെല്ലാം വേണ്ടെന്ന് വയ്ക്കുന്നതെന്നും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ അഡ്വൈസർ ആൻഡ് ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ കെ. ആർ. എസ്. എം. പ്രോജക്ട് കൂട്ടിച്ചേർത്തു.

109. പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് തന്നെ പല പദ്ധതികളും പ്രായോഗികമല്ലാത്തതാണെന്ന കാരണത്താലാണ് ഉപേക്ഷിച്ചതെന്ന് മനസ്സിലാക്കുന്നതായി സമിതി അറിയിച്ചപ്പോൾ കേരള വാട്ടർ അതോറിറ്റി ഏതാനും പ്രോജക്ടുകൾ നൽകുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തശേഷം മറ്റ് കാരണങ്ങളാൽ ഉപേക്ഷിക്കുന്നതാണെന്നും അഡ്വൈസർ ആന്റ് ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ വ്യക്തമാക്കി.

110. സമിതി മുൻപാകെ നൽകിയ വിശദീകരണത്തിൽ പ്രവൃത്തി പൂർത്തിയായി എന്നുപറഞ്ഞ ഒരു പദ്ധതിയുണ്ടെന്നും കരമന നദിയിൽ കാലടിയിൽ ചെക്ക് ഡാം നിർമ്മാണ പദ്ധതി ഭാഗികമായി പൂർത്തീകരിച്ചതിന് 60,94,552 രൂപ ചെലവായതായും ഭാഗികമായി പൂർത്തീകരിച്ചെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും ആയത് പൂർത്തീകരിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, ടി പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതായി ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ട്രിഡ നൽകിയ റിപ്പോർട്ടിൽ ഭാഗികമായി പൂർത്തികരിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഒറിജിനൽ എസ്റ്റിമേറ്റിൽ നാല് ഭാഗങ്ങളുണ്ടെന്നും മുഴുവനും പൂർത്തിയാക്കിയിട്ടില്ലെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

111. പദ്ധതിയ്ക്ക് ചെലവായ തുക എത്രയാണെന്നും എസ്റ്റിമേറ്റ് എത്രയാണെന്നും സമിതി ആരാഞ്ഞതിന്, 60,94,552 രൂപ മാത്രമേ ആയിട്ടുള്ളുവെന്നും എസ്റ്റിമേറ്റ് പ്രസ്തുത തുകയേക്കാൾ കൂടുതലായിരുന്നുവെന്നും ട്രിഡ ചീഫ് എഞ്ചിനീയർ ബോധിപ്പിച്ചു. ഓഡിറ്റ് വകുപ്പിന് പൂർത്തീകരിച്ചു എന്ന മറുപടി മാത്രമേ ലഭ്യമായിട്ടുള്ളുവെന്നും ആയത് പരിശോധിക്കാനുള്ള രേഖകൾ ലഭ്യമായിട്ടില്ലെന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദാംശം ഓഡിറ്റ് വകുപ്പിന് നൽകിയാൽ മാത്രമേ പരാമർശം ഒഴിവാക്കാൻ സാധിക്കുവെന്ന് സമിതി അറിയിച്ചു. ഇതിന്റെ ഒറിജിനൽ ഫയലുകളെല്ലാം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലാണ് സൂക്ഷിക്കുന്നതെന്നും പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം ഫൈനൽ റിക്വിസിഷൻ ലെറ്റർ ലഭിച്ചാൽ മാത്രമേ റിപ്പോർട്ട് ലഭ്യമാക്കാൻ സാധിക്കുകയുള്ളൂവെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു. കരമനയാറ്റിലെ മലിനീകരണം തടയുന്നതിനുവേണ്ടി തുടങ്ങിയ ഇത്തരം പദ്ധതികൾക്കുവേണ്ടി ഇത്രയും കോടി രൂപ ചെലവഴിച്ചിട്ട് എന്ത് പ്രയോജനമാണ്

ഉണ്ടായതെന്നും പ്രസ്തുത പ്രോജക്ടിലൂടെ എത്ര ദൂരം നദിയിലെ മാലിന്യം തടയാൻ സാധിക്കുമെന്നും സമിതി ആരാഞ്ഞതിന്, മാലിന്യം കുറയ്ക്കാനായി കഴിഞ്ഞിട്ടുണ്ടെന്നും അതിനായി സയൻസ് ആന്റ് ടെക്നോളജി വകുപ്പ് ഒരു ടെസ്റ്റ് നടത്തിയിട്ടുണ്ടെന്നും വെള്ളത്തിൽ സോളിഡ് വേസ്റ്റുകൾ വരാതെ നിയന്ത്രിച്ചിട്ടുണ്ടെന്നും തിരുവല്ലത്ത് ഏറ്റവും കൂടുതൽ മലിനീകരണ വസ്തുക്കൾ വന്നിരുന്നത് ക്ഷേത്രത്തിൽ നിന്നുള്ള വേസ്റ്റ് കാരണമായതിനാൽ അവ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഇൻസിനറേറ്റർ കൊടുത്തിട്ടുണ്ടെന്നും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE) അഡ്വൈസർ ആൻഡ് ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ ഓഫ് കെ. ആർ. എസ്. എം. പ്രോജക്ട് കൂട്ടിച്ചേർത്തു.

112. ഖര മാലിന്യം നദിയിൽ വരുന്നില്ലെന്ന് എങ്ങനെ ഉറപ്പിക്കാനാകുമെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന്, ഖര മാലിന്യം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ക്യാമറകൾ വച്ചപ്പോൾ മാലിന്യം നിക്ഷേപിക്കുന്നത് കുറഞ്ഞെന്നും അഡ്വൈസർ & ചീഫ് കോ-ഓർഡിനേറ്റർ വ്യക്തമാക്കി. പോലീസ് ഡിപ്പാർട്ട്മെന്റും കോർപ്പറേഷനും സഹകരിക്കുന്നതിനാൽ ലോറിയിൽ വേസ്റ്റ് കൊണ്ടിടുന്നത് തടയുവാൻ സാധിച്ചെന്നും തിരുവല്ലത്ത് ഇൻസിനറേറ്റർ നൽകിയിട്ടുണ്ടെന്നും അതുപോലെ തോട്ടിൽ വെള്ളമില്ലാത്ത സന്ദർഭങ്ങളിൽ ഭക്തജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിനായി പമ്പ് സെറ്റ് വച്ചിട്ടുണ്ടെന്നും പൊതുജനങ്ങളുടെ അഭിപ്രായം ആരാഞ്ഞും ഇതിനുവേണ്ട പഠനങ്ങൾ നടത്തിയിട്ടുള്ള കമ്മിറ്റികളുടെ റിപ്പോർട്ടുകളും നോക്കിയാണ് വകുപ്പുകളോട് പ്രോജക്ടുകൾ നൽകാൻ ആവശ്യപ്പെടുന്നതെന്നും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (കെ.എസ്.സി.എസ്.റ്റി.ഇ.) അഡ്വൈസർ ആൻഡ് ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ ഓഫ് കെ. ആർ. എസ്. എം. പ്രോജക്ട് വിശദീകരിച്ചു.

113. കരമന-കിള്ളി നദികളുടെ എല്ലാ റീച്ചിലും മൂന്ന് മീറ്റർ ഉയരത്തിൽ ഫെൻസിംഗ് ചെയ്തിട്ടുള്ളതിനാൽ അവിടെ വേസ്റ്റ് എറിയാൻ ആർക്കും സാധിക്കില്ലെന്നും ടീമിലെ പതിനഞ്ചോളം അംഗങ്ങൾ നേരിട്ട് പരിശോധിച്ച് അവിടെയുള്ള ഗ്യാപ്പുകളെല്ലാം അടച്ചിട്ടുണ്ടെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ വകുപ്പിന് ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങളും ശിപാർശകളും

114. കരമന നദീ സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നിരീക്ഷണ ക്യാമറ പ്രവർത്തനരഹിതം-കരമന നദീ സംരക്ഷണ പദ്ധതിയുടെ അന്തസത്ത നഷ്ടമായിരിക്കുന്നു. (63,77,289 രൂപയുടെ നഷ്ടം സംഭവിച്ചു)

[ട്രിഡ ഓഡിറ്റ് റിപ്പോർട്ട്, 2018-19- ഖണ്ഡിക 3.5.4]

കരമന നദി ശാസ്ത്രീയ പരിപാലന (മാതൃക) പദ്ധതിയുടെ ഭാഗമായി കെൽട്രോൺ മുഖേന മൈലാടിക്കടവ് പാലം മുതൽ ആറ്റുകാൽ പാലം വരെ തിരുവനന്തപുരം നഗരസഭയും മരുതംകുഴി മുതൽ മൈലാടിക്കടവ് വരെ ആഭ്യന്തര വകുപ്പും സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ പ്രവർത്തനക്ഷമമല്ലെന്ന് കെ.ആർ.എസ്.എം. ടെക്നിക്കൽ യോഗത്തിൽ ആഭ്യന്തര വകുപ്പ് പ്രതിനിധികൾ റിപ്പോർട്ട് ചെയ്തതായി 8-4-2019-ൽ കെ.ആർ.എസ്.എം. ടിഡിയ്ക്ക് കത്ത് നൽകിയിരുന്നു. ക്യാമറകളുടെ വാർഷിക മെയിന്റനൻസിന് ആവശ്യമായ ക്വട്ടേഷൻ സമർപ്പിക്കുവാനും 24-5-2019 കത്തിൽ ടിഡിയോട് ആവശ്യപ്പെട്ടു.

7-1-2020-ൽ കെൽട്രോണിനെ വിഷയം ധരിപ്പിച്ചിരുന്നു. പരാതിപ്പെട്ടിട്ടും ഇത് പരിഹരിക്കുവാൻ കെൽട്രോൺ നടപടി സ്വീകരിക്കുന്നില്ല. സ്ഥാപിക്കുന്ന വേളയിൽ വൈദ്യുത ബിൽ നഗരസഭ അടയ്ക്കും എന്ന് രേഖാമൂലം ഉറപ്പ് നൽകിയ കാര്യവും ക്യാമറകളുടെ വൈദ്യുത ബിൽ കൃത്യമായി അടയ്ക്കുന്നില്ല എന്ന പരാതിയും നിലനിൽക്കുന്നതായി കത്തിൽ സൂചിപ്പിക്കുന്നു. കെൽട്രോൺ മുഖേന സ്ഥാപിച്ച ക്യാമറകൾക്ക് വാറന്റി പീരീഡ് കഴിഞ്ഞും വാർഷിക പരിപാലനത്തിൽ ആവശ്യമായ തുക കെൽട്രോൺ ഉൾപ്പെടുത്തിയിരുന്നു.

കരമന നദീ സംരക്ഷണ പദ്ധതികളിൽ തന്ത്രപ്രധാനമായ ക്യാമറ സ്ഥാപിക്കലും അതിലൂടെ മാലിന്യം വലിച്ചെറിയുന്നതിന് തടയിടുകയും ചെയ്യുക എന്ന പദ്ധതി നടപ്പിലായി അഞ്ച് വർഷം ആയിട്ടും ക്യാമറകൾ പ്രവർത്തിക്കാത്തതും അതിന് ആവശ്യമായ അറ്റകുറ്റപ്പണിക്കും വൈദ്യുതബിൽ ഒടുക്കുന്നതിനും ശ്രദ്ധ നൽകാത്തതിലൂടെ പദ്ധതിയുടെ അന്തസത്ത നഷ്ടമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിക്കായി ഇതുവരെ ചെലവഴിച്ച 63,77,289 രൂപ പാഴ്ചെലവായി മാറിയതായി ഓഡിറ്റ് വിലയിരുത്തുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

115. ഓഡിറ്റ് പരാമർശം സംബന്ധിച്ച നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് പ്രോജക്ടിനായി സ്ഥാപിച്ച മുഴുവൻ ക്യാമറകളുടെയും നിരീക്ഷണം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലാണെന്നും പ്രസ്തുത ക്യാമറകളെല്ലാം പ്രവർത്തനക്ഷമമാണെന്ന സർട്ടിഫിക്കറ്റ് 2017-ൽ പോലീസ് വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ക്യാമറകളുടെ കാലാവധി അഞ്ച് വർഷമാണെന്നും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി

കൗൺസിൽ (KSCSTE) അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ (KRSM) സമിതിയെ അറിയിച്ചു. ക്യാമറയുടെ വിലകൂടിയ ഭാഗങ്ങളായ കേബിൾ, പോൾസ് എന്നിവയെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും നിലവിൽ ഇവയെല്ലാം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമാണെന്നും അവിടെ സ്ഥാപിച്ച ക്യാമറകൾ മാത്രം മാറ്റി സ്ഥാപിച്ചാൽ മതിയാകുമെന്നും അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു.

116. ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് നിലവിൽ അവ പ്രവർത്തിക്കുന്നില്ലെന്നും 2017 വരെ ക്യാമറകൾ പ്രവർത്തന ക്ഷമമായിരുന്നുവെന്നും ക്യാമറയുടെ കാലാവധി 5 വർഷമാണെന്നും ക്യാമറകളെല്ലാം അപ്ഡേറ്റ് ചെയ്യണമെന്നും അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ മറുപടി നൽകി.

117. ക്യാമറകൾ അപ്ഡേറ്റ് ചെയ്യേണ്ടത് ആരാണെന്ന സമിതിയുടെ ചോദ്യത്തിന് കെൽട്രോണാണ് അപ്ഡേറ്റ് ചെയ്യേണ്ടതെന്നും തിരുവനന്തപുരം സിറ്റിയിൽ സ്ഥാപിച്ച ക്യാമറകളെല്ലാം സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ സമിതിയെ അറിയിച്ചു.

118. പ്രവർത്തനരഹിതമായ ക്യാമറകൾ ഏറ്റെടുക്കുന്നത് എന്തിനാണെന്ന സമിതിയുടെ ചോദ്യത്തിന് അതിനുപകരമായി പുതിയ ക്യാമറകൾ സ്ഥാപിക്കുന്നതാണെന്നും പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ക്യാമറകളെല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നവയായിരുന്നുവെന്നും എന്നാൽ പുന്നൻ റോഡിലുണ്ടായ അപകടത്തിൽ ആ സൈറ്റിലെ കേബിളുകൾക്ക് തകരാർ സംഭവിച്ചിരുന്നതായും തുടർന്ന് കെൽട്രോൺ നടത്തിയ പരിശോധനയിൽ തകരാർ പരിഹരിക്കുന്നതിന് 85,000 രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയതെന്നും ടി സമയത്ത് കെ.ആർ.എസ്.എം. പ്രോജക്ട് അവസാനിപ്പിച്ചതിനാൽ തകരാർ പരിഹരിക്കാൻ സാധിച്ചിരുന്നില്ലെന്നും സ്മാർട്ട് സിറ്റി പ്രോജക്ടിൽ ക്യാമറകൾ ഏറ്റെടുക്കുമെന്നാണ് അറിയിച്ചിട്ടുള്ളതെന്നും അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ സമിതിയെ ബോധിപ്പിച്ചു.

119. പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ച ക്യാമറകൾ ആനുവൽ മെയിന്റനൻസ് കരാറിൽ ഉൾപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് അഞ്ച് വർഷത്തെ AMC-യുംകൂടി ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയതെന്ന് കെ. എസ്. സി. എസ്. റ്റി. ഇ. അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ വ്യക്തമാക്കി.

120. ക്യാമറകളുടെ കാലവധി 5-6 വർഷമാണെന്നും കെ.ആർ.എസ്.എം. പദ്ധതി പ്രകാരം 2016-ൽ സ്ഥാപിച്ച ക്യാമറകളുടെ കാലാവധി അവസാനിച്ചതായും പദ്ധതി നടപ്പിലാക്കുന്ന സമയത്ത് കുറച്ച് പ്രവൃത്തികൾ ആഭ്യന്തര വകുപ്പും ബാക്കി പ്രവൃത്തികൾ കോർപ്പറേഷനും കെൽട്രോൺ മുഖാന്തരമാണ് നടപ്പിലാക്കിയതെന്നും അഞ്ച് വർഷത്തെ വാറണ്ടി പിരീഡാണ് ക്യാമറകൾക്കുള്ളതെന്നും കേബിൾ, പോൾസ് എന്നിവ അവിടെയുണ്ടെന്നും ടിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

121. ക്യാമറകളുടെ തുടർന്നുള്ള പരിപാലനം ആര് നിർവ്വഹിക്കുമെന്നുള്ളതാണ് വിഷയമെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത് കോർപ്പറേഷൻ പരിധിക്കുള്ളിലായതിനാൽ അവയുടെ പരിപാലനം കോർപ്പറേഷന് ഏറ്റെടുക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് ചർച്ച നടത്തിയിരുന്നതായി ടിഡ ചീഫ് എഞ്ചിനീയർ വ്യക്തമാക്കി. തിരുവനന്തപുരത്ത് സ്ഥാപിച്ച മുഴുവൻ ക്യാമറകളും സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ കൂട്ടിച്ചേർത്തു.

122. ക്യാമറകൾ അഞ്ച് വർഷത്തെ കാലാവധിക്കുശേഷം പ്രവർത്തന ക്ഷമമല്ലെങ്കിൽ നഷ്ടം സംഭവിച്ചതായി വിലയിരുത്താൻ സാധിക്കില്ലെന്നും ടി സ്ഥാനത്ത് പുതിയവ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

123. 2018-ൽ ടെക്നിക്കൽ കമ്മിറ്റി ക്യാമറ സ്ഥാപിച്ച സ്ഥലങ്ങളിൽ നേരിട്ട് പരിശോധന നടത്തി പ്രവർത്തനക്ഷമമാണെന്ന റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്ന് ടിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ക്യാമറകൾക്ക് അഞ്ച് വർഷത്തെ സർവ്വീസ് ലഭിച്ചിട്ടില്ലെന്നും അതിനുമുമ്പ് മുഴുവൻ തുകയും കൊടുത്തത് തെറ്റാണെന്ന് പറയാൻ സാധിക്കില്ലെന്നും എന്നാൽ തുക നൽകിയതിനുശേഷം ക്യാമറകൾ പ്രവർത്തിക്കുന്നില്ലെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സ്വീകരിക്കണമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെട്ടു.

124. ക്യാമറ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി ചാർജ്ജ് കോർപ്പറേഷനാണ് അടയ്ക്കേണ്ടതെന്നും എന്നാൽ തുക കെ.എസ്.ഇ.ബി.-യ്ക്ക് നൽകിയില്ലെന്ന വിഷയം നിലനിൽക്കുന്നുണ്ടെന്നും പ്രസ്തുത തുക കോർപ്പറേഷൻ അടയ്ക്കണമെന്ന് കെൽട്രോണും ആഭ്യന്തര വകുപ്പും ആവശ്യപ്പെട്ടിട്ടും നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും ടിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. വകുപ്പുകൾ തമ്മിലുള്ള വിഷയമാണിതെന്നും ആയത് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന സമീപനം ആരും സ്വീകരിക്കുന്നില്ലെന്നും സമിതി നിരീക്ഷിച്ചു.

125. 2017 മുതൽ 2021 വരെ കാര്യക്ഷമമായി ക്യാമറകൾ പ്രവർത്തിച്ചുവെന്നത് സംബന്ധിച്ച് കന്റോൺമെന്റ് പോലീസിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും അതിനുശേഷം അവിടെ സംഭവിച്ച അപകടത്തിൽ കേബിളിന് തകരാർ സംഭവിച്ചത് പരിഹരിച്ചിട്ടില്ലെന്നുള്ളതാണ് വാദമെന്നും സമിതി വിലയിരുത്തി. പദ്ധതിക്കായി സയൻസ് ആൻഡ് ടെക്നോളജി വകുപ്പിൽ നിന്നും രണ്ട് പേരെ പ്രത്യേകം ചുമതലപ്പെടുത്തിയതാണെന്നും ക്യാമറയുടെ കാലാവധി അഞ്ച് വർഷമായതിനാൽ സ്വാഭാവികമായും പ്രവർത്തന രഹിതമായിട്ടുണ്ടെന്നും അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ വിശദീകരിച്ചു. ക്യാമറ സ്ഥാപിച്ച് അഞ്ച് വർഷമാകുന്നതിനുമുമ്പ് പ്രവർത്തനരഹിതമായതാണ് വിഷയമെന്ന് സമിതി ചൂണ്ടികാട്ടി.

126. ക്യാമറ സ്ഥാപിച്ചത് എന്നാണെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് 2013-14- ലാണ് ക്യാമറ സ്ഥാപിച്ചതെന്ന് അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ മറുപടി നൽകി. ക്യാമറ സ്ഥാപിച്ചതും പ്രവർത്തനക്ഷമമാക്കിയതും എന്നാണെന്നുള്ളത് വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ക്യാമറയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിൽ ട്രിഡയുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 2013-14 കാലഘട്ടത്തിൽ കിള്ളിയാറിന്റെ തീരത്ത് മൈലാടിക്കടവ് മുതൽ ആറ്റുകാൽ പാലം വരെ ആദ്യഘട്ടത്തിലും രണ്ടാം ഘട്ടമായി 2014-15-ലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നും 2017-ൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും 2019-20-ലെ റോഡപകടത്തിൽ തകരാറിലായ കേബിളുകളുടെ അറ്റകുറ്റപ്പണി നടത്താൻ സാധിച്ചിട്ടില്ലെന്നും അഡ്വൈസർ & ചീഫ് പ്രോജക്ട് കോ-ഓർഡിനേറ്റർ വ്യക്തമാക്കി.

127. ക്യാമറയുടെ സർവ്വീസ് അഞ്ച് വർഷം ലഭിച്ചിട്ടില്ലെന്നുള്ളതാണ് വിഷയമെന്നും ക്യാമറകളുടെ മോണിറ്ററിംഗ് ട്രിഡ ആണോ കെൽട്രോൺ ആണോ നിർവ്വഹിക്കുന്നതെന്നും സമിതി ആരാഞ്ഞതിന് ക്യാമറകളുടെ നിരീക്ഷണ ചുമതല കെൽട്രോണിനാണെന്നും ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചതിനുശേഷമാണ് ബിൽ നൽകുന്നതെന്നും അതിനുശേഷം അതത് വകുപ്പുകളാണ് മോണിറ്റർ ചെയ്യേണ്ടതെന്നും ട്രിഡ ചീഫ് എഞ്ചിനീയർ ബോധിപ്പിച്ചു. സാങ്കേതികമായ കാര്യങ്ങൾ ചെയ്യുന്നതും ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുക്കുന്നതും മോണിറ്റർ ചെയ്യുന്നതും ട്രിഡയാണെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്ന് സമിതി വ്യക്തമാക്കി.

128. 6-1-2018-ലെ കെ. ആർ. എസ്. എം. പദ്ധതിയുടെ ടെക്നിക്കൽ കമ്മിറ്റിയിൽ The Technical Committee had agreed to the suggestion that the role of TRIDA is to implement and monitor the sub projects sanctioned to the line departments and the bills thus submitted by the executing agencies need not be further scrutinized as the works are executed by Government Departments/institutions after observing nodal formalities and adhering to the Government orders issued from time to time എന്ന് തീരുമാനിച്ചിരുന്നുവെന്നും ഇതനുസരിച്ച് ബിൽ കൊടുക്കുന്നതുവരെ ട്രിഡയും ബിൽ കൊടുത്തുകഴിഞ്ഞാൽ അതത് ഡിപ്പാർട്ടുമെന്റുകളുമാണ് മോണിറ്റർ ചെയ്യേണ്ടതെന്നും ട്രിഡ ചീഫ് എഞ്ചിനീയർ വിശദീകരിച്ചു. വിവിധ വകുപ്പുകളിൽ നിയമാനുസൃതമായ പരിശോധനകൾക്കുശേഷവും ട്രിഡ ഉൾപ്പെടുന്ന കെ.ആർ.എസ്.എം. ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളുടെ സംയുക്ത സ്ഥലപരിശോധനയ്ക്കും റിപ്പോർട്ടിനും ശിപാർശയ്ക്കും ശേഷവുമാണ് ഓരോ ഉപപദ്ധതിയുടെയും ബിൽ തുക അനുവദിച്ചുനൽകുന്നതെന്നും ഇതിൽ ട്രിഡയും കരാറുകാരുമായി കരാറില്ലെന്നും കരാർ വയ്ക്കുന്നതും മോണിറ്റർ ചെയ്യുന്നതും അതത് ഡിപ്പാർട്ടുമെന്റുകളാണെന്നും ട്രിഡ ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

129. കെൽട്രോൺ ഒരു ഏജൻസിയല്ലേയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത പ്രവൃത്തി കെൽട്രോണിനെ ഏൽപ്പിച്ചത് ട്രിഡയല്ലെന്നും കമ്മിറ്റി കോർപ്പറേഷനെ ഏൽപ്പിച്ച വർക്ക് കമ്മിറ്റിയുടെ അംഗീകാരത്തോടെ കോർപ്പറേഷനാണ് കെൽട്രോണിന് നൽകിയതെന്നും ട്രിഡയ്ക്ക് ഇതുമായി യാതൊരു ബന്ധവുമില്ലെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ക്യാമറയുടെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടത് ട്രിഡയാണെന്നാണ് ടെക്നിക്കൽ കമ്മിറ്റിയുടെ മിനിറ്റ്സിൽ സൂചിപ്പിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി.

130. ടെക്നിക്കൽ കമ്മിറ്റിയുടെ മിനിറ്റ്സിൽ തുക കൊടുക്കുന്നതുവരെയുള്ള മോണിറ്ററിംഗ് ട്രിഡ നിർവ്വഹിക്കണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അപ്രകാരമാണെന്ന് ട്രിഡ ചീഫ് എഞ്ചിനീയർ വ്യക്തമാക്കി. തുക നൽകുന്നതാരാണെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞു. ട്രിഡയാണ് തുക നൽകുന്നതെന്ന് ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

131. തുക നൽകുന്നതുവരെ മോണിറ്റർ ചെയ്യുമെന്ന് പറയുന്നത് വ്യക്തമാകുന്നില്ലെന്ന് സമിതി അറിയിച്ചു. കോർപ്പറേഷനാണ് ഇതിന്റെ മുഴുവൻ ഉത്തരവാദിത്വവുമുള്ളതെന്ന് ആദ്യത്തെ ഉത്തരവിൽ പറഞ്ഞിട്ടുള്ളത് എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന് ട്രിഡ ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താമെന്ന് സമിതി തീരുമാനിച്ചു.

സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമുമ്പ് പ്രസ്തുത വിഷയം ഒരിക്കൽക്കൂടി പരിശോധിച്ച് സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി സമിതിയിൽ സമർപ്പിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

132. കരമന നദീ സംരക്ഷണ പദ്ധതിയുടെ നിരീക്ഷണത്തിന് സ്ഥാപിച്ച ക്യാമറകളുടെ പ്രവർത്തനം സംബന്ധിച്ച വിഷയം ഒതിക്കൽ കൂടി പരിശോധിച്ച് ഒരു സ്പെഷ്യൽ റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

കരമന നദീ സംരക്ഷണ പദ്ധതി-ബില്ലുകൾ പരിശോധിക്കാതെ തുക അനുവദിക്കൽ ക്രമപ്രകാരമല്ല

[ടിഡ് ഓഡിറ്റ് റിപ്പോർട്ട്, 2018-19- ഖണ്ഡിക 3-5.5]

കെ.ആർ.എസ്.എം. ആയി ബന്ധപ്പെട്ട് ലൈൻ ഡിപ്പാർട്ട്മെന്റുകൾക്ക് അനുവദിച്ച ഉപ പദ്ധതികൾ നടപ്പിലാക്കുകയും അവ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ടിഡയിൽ അർപ്പിതമായിട്ടുള്ളത് എന്നും, സർക്കാർ ഉത്തരവുകളും നിയമങ്ങളും പാലിച്ചാണ് സർക്കാർ സ്ഥാപനങ്ങളും വകുപ്പുകളും പ്രവൃത്തി നിർവ്വഹിക്കുന്നത് എന്നതിനാൽ അവയെ സംബന്ധിച്ച കൂടുതൽ പരിശോധന ടിഡ നടത്തേണ്ടതില്ല എന്നും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ 6-1-2018 -ലെ സാങ്കേതിക കമ്മിറ്റി മിനിറ്റ്സ് നിർദ്ദേശിക്കുന്നു എന്ന് ഇ.2/കെ.ആർ. എസ്.എം./722(എ)/2016/ടിഡ കിള്ളി നദിയിലെ മാലിന്യ പരിപാലനം പദ്ധതിയുടെ (കിള്ളിപ്പാലത്ത് നിന്നും തിട്ടകുടി പാലത്തേയ്ക്കുള്ള അഴുക്ക് ചാൽ നിർമ്മാണം) ഫയൽ കുറിപ്പിൽ കാണാം. പ്രസ്തുത പദ്ധതിയുടെ ഫൈനൽ ബിൽ തുക പാസ്സാക്കുന്ന വേളയിലാണ് ഇത്തരം കുറിപ്പ് കാണുന്നത്. പൊതു പണം ചെലവഴിക്കുന്നതിന് പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 അദ്ധ്യായം 3-ലെ സ്റ്റാൻഡേർഡ്സ് ഓഫ് ഫിനാൻഷ്യൽ പ്രൊപ്രൈറ്റിയിൽ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ കെ.ആർ.എസ്.എം. പദ്ധതികൾക്കും ബാധകമാകയാൽ കെ.ആർ.എസ്.എം. പദ്ധതിയുടെ പ്രവൃത്തികളുടെ തുക അനുവദിക്കുന്ന വേളയിൽ അനുവദിക്കുന്ന തുകയ്ക്ക് പ്രവൃത്തി നടന്നു എന്ന് ടിഡ ഉറപ്പ് വരുത്തേണ്ടതാണ്.

• **പദ്ധതികൾ യഥാസമയം നിർവ്വഹിച്ചില്ല. ബജറ്റ് വിഹിതമായി അനുവദിച്ച മൂന്നരക്കോടി രൂപ സർക്കാർ തിരിച്ചെടുത്തു-**തിരുവനന്തപുരം വികസന അതോറിറ്റിയ്ക്ക് കെ.ആർ.എസ്.എം. പദ്ധതികൾക്കായി അനുവദിച്ച് സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 3,51,82,858 രൂപ സർക്കാർ തിരിച്ചെടുത്തു. സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതമായി അനുവദിക്കുകയും എന്നാൽ പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ പൊതുജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ബജറ്റ് വിഹിതമായി അനുവദിച്ചതിൽ ചെലവഴിക്കാതെ പാർക്ക് ചെയ്തിരുന്ന ഫണ്ട് തിരിച്ചെടുക്കുവാൻ ജി.ഒ. (ആർ.ടി.)നം. 156/2017 ധനകാര്യം തീയതി 14-12-2017, ജി.ഒ. (ആർ.ടി.)നം. 51/2018 ധനകാര്യം തീയതി 28-3-2018 എന്നീ ഉത്തരവുകളിലൂടെ ധന വകുപ്പ് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ട്രിഡയ്ക്ക് അനുവദിച്ച് ചെലവ് ചെയ്യാതെ നിക്ഷേപിച്ചിരുന്ന 3,51,82,858 രൂപ തിരിച്ചെടുക്കുകയും ചെയ്തു. ജി.ഒ. (ആർ.ടി.)നം. 156/2017 ധനകാര്യം തീയതി 14-12-2017 പ്രകാരം 1,89,10,008 രൂപയും ജി.ഒ. (ആർ.ടി.)നം. 51/2018 ധനകാര്യം തീയതി 28-3-2018 എന്നിവ പ്രകാരം 1,62,72,850 രൂപയും സർക്കാർ തിരിച്ചെടുത്തു. ഇപ്രകാരം തിരിച്ചെടുത്ത തുക മടക്കി ലഭിക്കാനായി 2018 ഏപ്രിൽ മുതൽ മതിയായ കാരണം സഹിതം സ്ഥാപനങ്ങൾക്ക് സർക്കാരിനെ സമീപിക്കുവാനായി അവസരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക അനുവദിപ്പിക്കുന്നതിനുള്ള ഇടപെടൽ ട്രിഡയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. ബജറ്റ് വിഹിതത്തിലൂടെ അനുവദിക്കുന്ന തുകകൾ പദ്ധതികൾ വൈകുന്നത് കാരണം ചെലവഴിക്കാതിരിക്കുന്നത് ട്രിഡയിൽ ഇപ്പോഴും തുടർന്ന് വരുന്ന പ്രവണതയാണ്. ഇത് കാരണമായി പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം പൊതു ജനത്തിന് ലഭിക്കുന്നില്ല. കൂടാതെ ട്രിഡയുടെ നിലനിൽപ്പിനെ തന്നെ ഇത് പ്രതികൂലമായി ബാധിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2020-21 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3.2.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ലംപ്സം ആയല്ല ട്രിഡയ്ക്ക് തുക അനുവദിക്കുന്നതെന്നും ബിൽ വരുന്നതിനാനുപാതികമായ തുകയാണ് അനുവദിക്കുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് നഷ്ടമൊന്നുമുണ്ടായിട്ടില്ലെന്നും ട്രിഡ സെക്രട്ടറി മറുപടി നൽകി.

134. സയൻസ് ആൻഡ് ടെക്നോളജി വകുപ്പിലാണ് ഫണ്ട് വരുന്നതെന്നും ബിൽ വരുന്ന മുറയ്ക്ക് ട്രിഡയ്ക്ക് തുക അനുവദിക്കുകയാണ് ചെയ്യുന്നതെന്നും ഇതുമായി ബന്ധപ്പെട്ട ഫണ്ടും മറ്റ് കാര്യങ്ങളും ഫോളോഅപ്പ് ചെയ്യുന്നത് സയൻസ് ആൻഡ് ടെക്നോളജി വകുപ്പാണെന്നും ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

135. അനുവദിച്ച തുക സർക്കാർ തിരികെ എടുത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് സർക്കാർ സയൻസ് ആൻഡ് ടെക്നോളജി വകുപ്പിന് അനുവദിക്കുന്ന ഫണ്ട് ട്രിഡയ്ക്ക് നൽകുകയും അതിന്റെ കൂടെത്തന്നെ ബിൽ നൽകുകയും ചെയ്യുമെന്നും ടി വിഷയത്തിൽ ബിൽ വരാൻ താമസിച്ചതുകൊണ്ടാണ് അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാത്തതും സർക്കാർ തിരികെയെടുത്തതുമെന്നും വിഷയത്തിൽ ട്രിഡയ്ക്ക് നേരിട്ട് യാതൊന്നും ചെയ്യാനില്ലെന്നും ട്രിഡ ചീഫ് എഞ്ചിനീയർ വ്യക്തമാക്കി.

136. സർക്കാർ തിരിച്ചെടുത്ത തുക വീണ്ടും ലഭിക്കാനായി ട്രിഡ സ്വീകരിച്ച നടപടിയെന്താണെന്ന് സമിതി ആരാഞ്ഞതിന് ഫണ്ടിന്റെ കാര്യത്തിൽ സയൻസ് ആൻഡ് ടെക്നോളജി വകുപ്പാണ് സർക്കാരുമായി ബന്ധപ്പെടുന്നതെന്ന് ട്രിഡ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

137. ബഡ്ജറ്റ് വിഹിതമായി അനുവദിക്കുന്ന തുക പദ്ധതികൾ വൈകുന്നത് കാരണം ചെലവഴിക്കാതിരിക്കുന്നത് ട്രിഡയിൽ നിലവിലും തുടർന്നുവരുന്ന പ്രവണതയാണെന്നും ഇത് കാരണം പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം പൊതുജനത്തിന് ലഭിക്കുന്നില്ലെന്നും ട്രിഡയുടെ നിലനിൽപ്പിനെത്തന്നെ ഇത് പ്രതികൂലമായി ബാധിക്കുന്നുവെന്നും അഭിപ്രായപ്പെട്ട സമിതി ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് ആരാഞ്ഞു. കെ.ആർ.എസ്.എം. പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശമാണെന്നും ട്രിഡയ്ക്കല്ല സയൻസ് ആൻഡ് ടെക്നോളജി വകുപ്പിനാണ് ഫണ്ട് അനുവദിക്കുന്നതെന്നും കഴിഞ്ഞ രണ്ട് വർഷങ്ങളിലാണ് ട്രിഡയ്ക്ക് പ്ലാൻ ഫണ്ട് ലഭിക്കുന്നതെന്നും ട്രിഡ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. മുൻവർഷം വട്ടിയൂർക്കാവ് ജംഗ്ഷന്റെ വികസനത്തിനായി നാലര കോടി രൂപ അനുവദിച്ചുവെന്നും അതിന്റെ 9 (1) നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്ത് ലാന്റ് അക്വിസിഷൻ കഴിഞ്ഞ് ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സ്ഥിതിവരെയായെന്നും നടപ്പുവർഷത്തെ ബഡ്ജറ്റിൽ ഒന്നരക്കോടി രൂപ പാളയം അർബൻ ഓക്സിജൻ പാർക്കിനുവേണ്ടി അനുവദിച്ചത് കൺസൾട്ടൻസി

സ്റ്റേജിലാണെന്നും സയൻസ് ആൻഡ് ടെക്നോളജി വകുപ്പിന്റെ ഫണ്ടിനെ സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശമെന്നും പ്രസ്തുത വിഷയത്തിൽ ട്രിഡയ്ക്ക് പ്രത്യേക ബഡ്ജറ്റ് അലോക്കേഷനോ പ്ലാൻ ഫണ്ടോ ഇല്ലെന്നും ട്രിഡ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത വിഷയം ഒരിക്കൽക്കൂടി പരിശോധിച്ച് സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി സമിതി മുൻപാകെ സമർപ്പിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

നിഗമനങ്ങളും ശിപാർശകളും

138. കരമന നദീ സംരക്ഷണ പദ്ധതി തുക അനുവദിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് പരാമർശ വിഷയം ഒരിക്കൽക്കൂടി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമിതിയിൽ സമർപ്പിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2024 ഒക്ടോബർ 7.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം - I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ബന്ധപ്പെട്ട സ്ഥാപനം /വകുപ്പ്	നിഗമനങ്ങൾ/ശിപാർശകൾ
(1)	(2)	(3)	(4)
1.	22	തദ്ദേശസ്വയം ഭരണ വകുപ്പ്	സാഫല്യം കോംപ്ലക്സിലെ F-4 കടമുറിയിൽ പ്രവർത്തിച്ചിരുന്ന കേരംസ് എന്ന സ്ഥാപനത്തിന്റെ വാടക കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച പ്രശ്നത്തിൽ ട്രിഡയും കേരംസും തമ്മിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ഇടപെടൽ നടത്തി പരിഹാരമുണ്ടാക്കണമെന്നും കേരംസിനെക്കൊണ്ട് തുക അടപ്പിക്കുകയോ അല്ലെങ്കിൽ വിട്ടുകൊടുക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. കേരംസിന്റെ നിലവിലെ സ്റ്റാറ്റസ് അടച്ചുപൂട്ടിയതിന് തുല്യമാണെങ്കിലും വാടക ഈടാക്കിയെടുക്കാനുള്ള ബാദ്ധ്യത സർക്കാരിനുണ്ടെന്നും സമിതി അഭിപ്രായപ്പെടുന്നു. കൂടാതെ ട്രിഡ നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും പരിഹാര നടപടികൾ കൈക്കൊള്ളുവാനും സമിതി നിർദ്ദേശിക്കുന്നു.
2.	26	തദ്ദേശസ്വയം ഭരണ വകുപ്പ്	പാളയം സാഫല്യം കോംപ്ലക്സിലെ ജി-18 കടമുറി കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി ലിമിറ്റഡിന് വാടകയ്ക്ക് നൽകിയതിൽ വാടക കുടിശ്ശിക വരുത്തിയതുമായി ബന്ധപ്പെട്ട് വാടകയിനത്തിൽ ഇളവ് കിട്ടിയാൽ ആശ്വാസമായിരിക്കുമെന്ന് ഹാന്റിക്രാഫ്റ്റ്സ് അപ്പെക്സ് സൊസൈറ്റി പ്രതിനിധി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കണമെന്ന് സർക്കാരിനോട് സമിതി നിർദ്ദേശിക്കുന്നു.

(1)	(2)	(3)	(4)
3.	43	തദ്ദേശസ്വയം ഭരണ വകുപ്പ്	സർക്കാർ സ്ഥാപനങ്ങൾക്ക് നഗരസഭ നിശ്ചയിച്ചിട്ടുള്ള വാടകയിൽ കുടിശ്ശിക വരുത്തിയാൽ ആയത് ഈടാക്കുന്ന പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് പ്രായോഗിക നിലപാട് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഓരോ സ്ഥാപനങ്ങളുടെയും സാമ്പത്തിക സ്ഥിതി പരിശോധിച്ച് ആവശ്യമായിട്ടുള്ള പ്രത്യേക ക്രമീകരണം ഏർപ്പെടുത്തണമെന്നും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് മുൻകയ്യെടുക്കണമെന്നും ആയതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് നൽകണമെന്നും സമിതി ശിപാർശ നൽകുന്നു.
4.	55	തദ്ദേശസ്വയം ഭരണ വകുപ്പ്	വാടക ഈടാക്കുന്ന വിഷയത്തിൽ കുടുംബശ്രീ, ട്രിഡ എന്നീ സ്ഥാപനങ്ങളിലെ ഉന്നതതല ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പരിഹാരം കാണണമെന്നും നല്ല നിലയിൽ പ്രവർത്തിക്കുകയും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കുടുംബശ്രീ എന്ന സ്ഥാപനത്തിന്റെ നിലനിൽപ്പിന് തടസ്സമാകുന്ന നിലപാട് ട്രിഡയുടെ ഭാഗത്തുനിന്നും സ്വീകരിക്കരുതെന്നും സമിതി നിർദ്ദേശിക്കുന്നു. മെഡിക്കൽ കോളേജിലെ ട്രിഡയുടെ കെട്ടിടം കാലപ്പഴക്കത്താൽ പരിതാപകരമായ അവസ്ഥയിലാണെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.
5.	61	തദ്ദേശസ്വയം ഭരണ വകുപ്പ്	സാഫല്യം കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക, മെയിന്റനൻസ് ചാർജ്ജ് എന്നിവ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പ്രശ്നങ്ങൾ ട്രിഡ അതോറിറ്റിയും നഗരസഭയും തമ്മിൽ ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(1)	(2)	(3)	(4)
6.	68	തദ്ദേശസ്വയം ഭരണ വകുപ്പ്	സാഫല്യം, കേദാരം ഷോപ്പിംഗ് കോംപ്ലക്സുകളിലെ കൺസ്യൂമർ ഫെഡിന്റെ വിവിധ ഓഫീസുകൾ പ്രവർത്തിച്ചിരുന്ന കടമുറികളുടെ വാടക/കുടിശ്ശിക ഈടാക്കൽ തുടങ്ങിയ വിഷയങ്ങളിൽ ട്രിഡ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
7.	75	തദ്ദേശസ്വയം ഭരണ വകുപ്പ്	ട്രിഡയ്ക്ക് ലഭിക്കുവാനുള്ള വാടക കുടിശ്ശികയിലെ വർദ്ധനവ് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ ട്രിഡ അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാർ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
8.	100	തദ്ദേശസ്വയം ഭരണ വകുപ്പ്	എച്ച്.പി.എൽ.-ന് കൺസൾട്ടൻസി ഫീസ് നൽകുന്നത് സംബന്ധിച്ച് അടിയന്തരമായി പരിശോധിക്കണമെന്നും പാളയം എ ബ്ലോക്ക് നിർമ്മാണത്തിന് ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപ ഹിന്ദുസ്ഥാൻ പ്രീഫാബിൽ നിന്ന് തിരികെ പിടിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ധനകാര്യ വകുപ്പും പരിശോധിച്ച് തീരുമാനമെടുത്ത് റിപ്പോർട്ട് എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
9.	114	തദ്ദേശസ്വയം ഭരണ വകുപ്പ്	ഓഡിറ്റ് പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

(1)	(2)	(3)	(4)
10.	132	തദ്ദേശസ്വയം ഭരണ വകുപ്പ്	പ്രസ്തുത വിഷയം ഒരിക്കൽക്കൂടി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമിതിയിൽ സമർപ്പിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
11.	138	തദ്ദേശസ്വയം ഭരണ വകുപ്പ്	ഓഡിറ്റ് പരാമർശ വിഷയം ഒരിക്കൽക്കൂടി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമിതിയിൽ സമർപ്പിക്കാമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ് .